20

# ഹിന്ദുക്കൾ അറിയേണ്ടത്

ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series - 118

Scanned with CamScanner

# ഹിന്ദുക്കൾ അറിയേണ്ടത്

- ഹിന്ദു എന്ന പദം 'സിന്ധു' സംസ്കാരത്തിൽ നിന്ന് ഉദയം ചെയ്തതായിരിക്കണം. ആര്യന്മാർ എന്നൊരു വിഭാഗം ഉണ്ടായിരുന്നില്ല. ദ്രാവിഡരുമുണ്ടായിരുന്നില്ല. ഭാരതീയർ പുറമേ നിന്നു വന്നവരുമല്ല.
- ഹിമാലയത്തിൽ നിന്നാരംഭിച്ച് ഇന്ത്യൻ മഹാസമുദ്രം വരെയുള്ള ദേശത്തെ ഹിന്ദുസ്ഥാനമെന്നു പറയുന്നു. ഇത് ദേവനിർമ്മിതമാണെന്ന് അഭിമാനത്തോടെ പൂർവ പിതാമഹന്മാർ പറഞ്ഞു.
- ഭാരതത്തെ പുണ്യഭൂമിയും, കർമ്മഭൂമിയും, യജ്ഞഭൂമിയും ജ്ഞാനഭൂമിയും മാതൃ-പിതൃ-ഭൂമിയുമെല്ലാമായി ആരെല്ലാം കണക്കാക്കുന്നുവോ അവനാണ് ഹിന്ദു.
- 'ഹിന്ദു' ഒരു മതമല്ല ജീവിത രീതിയാണ്. ഇത് ധർമ്മത്തിലധിഷ്ഠിതമായതിനാൽ സനാതനധർമ്മം എന്നറിയപ്പെടുന്നു.
- ഓരോ വ്യക്തിക്കും അനുഷ്ഠിക്കേണ്ടതായ ധർമ്മമുണ്ട്. മാതൃധർമ്മം, പിതൃധർമ്മം, പുത്രധർമ്മം...... പൗരധർമ്മം, രാജധർമ്മം.
- ഓരോ വ്യക്തിക്കുമുള്ള വ്യക്തിധർമ്മം, കുടുംബധർമ്മം, സമൂഹധർമ്മം, രാഷ്ട്രധർമ്മം എല്ലാം കൂട്ടിയാൽ അതിനെ സനാതന ധർമ്മം എന്നു പറയുന്നു.
- സനാതനം എന്ന പദത്തിന് ഒരിക്കലും നശിക്കാതെ എന്നുമെന്നും നിലനിൽക്കുന്നതെന്നും അർത്ഥമുണ്ട്.
- അനവധി ഋഷിവര്യന്മാരുടെ സംഭാവനകൾ സനാതനധർമ്മത്തിന്റെ ആചാര-വിചാര-വിശ്വാസ-സങ്കൽപ-ഗ്രന്ഥ-ഉപദേശ-അനുഭവ-കഥകളിലൂടെ നമ്മങ്ങളിലേക്കൊഴുകുന്നു.
- ലഭ്യമായ പുരാവസ്തുക്കളിലെ ആദ്യത്തെ ആർട്ടിഫാക്റ്റ് ലഭ്യമായ കാലിബംഗാൻ, ഭഗവാൻപുര, മെഹർഗൽ, എന്നിവിടങ്ങളിൽ നിന്നുള്ളത്, എടുത്താൽ ഏറ്റവും പഴക്കം വരുന്നത് BC 8275 ± 75 എന്ന്.
- അതുകൊണ്ടുതന്നെ സനാതനധർമ്മം അഥവാ ഹിന്ദുമതം എന്നു പറയുമ്പോൾ ഒരു പതിനായിരം വർഷത്തെ പാരമ്പര്യം നാം അവകാശപ്പെടുന്നു.
- അഭിമാനത്തോടെ പറയണം; മറ്റെല്ലാ സംസ്കാരങ്ങളും ബാബിലോണിയ, മെസൊപ്പൊട്ടോമിയ, ഗ്രീക്ക്, ഈജിപ്ത് എന്നിവയും മണ്ണടിഞ്ഞിട്ടും ഭാരതസംസ്കാരം മരിച്ചില്ല.



Scanned with CamScanner

- അഭിമാനത്തോടെ പറയുന്നവരായിത്തീരണം, ഞങ്ങൾ ഹിന്ദുക്കളാണെന്ന്. എന്റെ വഴിയും, എന്റെ ഈശ്വരനും, എന്റെ ഗ്രന്ഥവും, എന്റെ ആചാരവും മാത്രം ശരിയെന്നു പറയാത്തവരാണ് നാം.
- ശരിയെവിടെയല്ലാമുണ്ടോ അതെന്റേതാകണമെന്നു പറഞ്ഞവരാണ് നാം.
- അനവധിഗ്രന്ഥങ്ങൾ നമുക്കുണ്ട് അതിനുകാരണം ഒരു ഗ്രന്ഥത്തിൽ മനുഷ്യന് ആവശ്യമുള്ളതെല്ലാം കൊടുക്കാൻ സാധിക്കില്ലെന്ന് നമ്മുടെ പൂർവ്വീകർക്കറിയാമായിരുന്നു.
- അനവധി ആചാര്യന്മാർ നമുക്കുണ്ട്. അതിനുകാരണം ഒരു ആചാര്യൻ മാത്രം വിചാരിച്ചാൽ മാനവരാശിക്കാവശ്യമായതെല്ലാം നൽകാനാകില്ലെന്ന് നമുക്കറിയാമായിരുന്നു.
- അനവധി വർഷങ്ങളിലായി ലഭ്യമായ ഗ്രന്ഥങ്ങളാണ് നമുക്കുള്ളത്. അതിനുകാരണം ഒരു കാലഘട്ടത്തിലെഴുതിയ ഗ്രന്ഥം എല്ലാകാലഘട്ടത്തിലേക്കും ഒരുപോലെ പ്രായോഗികമല്ലെന്നതു തന്നെയാണ്.
- ഏകദേശം 2000 ഓളം അടിസ്ഥാനഗ്രന്ഥങ്ങൾ, 10000 ഓളം വ്യാഖ്യാനങ്ങൾ (രണ്ടും സംസ്കൃതത്തിൽ) ഒരു ലക്ഷത്തോളം ഉപാഖ്യാനങ്ങൾ, ഭാരതീയമായ മറ്റു ഭാഷകളിലും, വിദേശഭാഷകളിലുമായിട്ടുള്ളത്, അതാണ് ഹിന്ദുവിന്റെ പൈതൃകം.
- ദേശത്തിനും കാലത്തിനും വ്യക്തികൾക്കുമനുസരിച്ച് വ്യത്യാസം വരുന്നതെല്ലാം സ്മൃതികളാണ്. വ്യത്യാസം വരാത്തത് ശ്രുതികളാണ്.
- നമ്മുടെ ആചാരനുഷ്ഠാനങ്ങളിൽ വൈവിധ്യമുണ്ടാകാൻ കാരണം വിവിധ പ്രദേശത്തിലെ ജനങ്ങൾ വിവിധ ഗ്രന്ഥങ്ങൾ അനുശാസിക്കുന്നു എന്നതുകൊണ്ടാണ്.
- ദേശത്തിനും കാലത്തിനും വ്യക്തിക്കുമനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സ്വാതന്ത്ര്യമുള്ള ഒരേ ഒരു ധർമ്മം ഹിന്ദുധർമ്മമാണ്.
- ആചാരങ്ങൾ അനുഷ്ഠിക്കാനും അനുഷ്ഠിക്കാതിരിക്കാനും സ്വാതന്ത്ര്യമുള്ളത് ഹിന്ദുവിനു മാത്രമാണ്. പൂർണ നിരീശ്വരവാദികളായ ചാർവാകശാഖയിലുള്ളവരെ പോലും മഹർഷിമാരായി നാം വിവരിച്ചു.
- ഒരു ഋഷിവര്യനും പറഞ്ഞില്ല, ഞാൻ പറഞ്ഞതാണ് അവസാനത്തെ വാക്കെന്ന്. ഒരാചാര്യനും പറഞ്ഞില്ല, ഞാനെഴുതിയ ഗ്രന്ഥത്തിലെല്ലാമുണ്ടെന്നും ഇതിനപ്പുറം ഒരു പുസ്തകവും പ്രവാചകനും വരില്ലെന്നും.



Scanned with CamScanner

- ഈ ഗ്രന്ഥങ്ങൾക്കെല്ലാം വീണ്ടും വീണ്ടും വ്യാഖ്യാനങ്ങളും ഉപാഖ്യാനങ്ങളും രചിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇവിടെയാണ് അത്യാധുനിക ശാസ്ത്രവീക്ഷണത്തോടെ addition + deletion + modification +correction ലൂടെ പൂർവീകർ ശുദ്ധീകരണം നടത്തിയത്. വികസിപ്പിക്കാനായി സംഭാവന നൽകിയത്.

- സന്ദേശങ്ങൾ മാത്രമായി നമുക്ക് പൂർവ്വീകരിൽ നിന്ന് ലഭിച്ചതാണ് വേദങ്ങൾ. വേദങ്ങളിൽ മനസ്, ശരീരം, കുടുംബം, സമൂഹം, രാഷ്ട്രം, മാനവരാശി ഇവയുടെ ശാശ്വത നന്മക്കുള്ള സന്ദേശങ്ങൾ മാത്രമാണുള്ളത്.

- വേദങ്ങളിൽ പാപപുണ്യങ്ങൾ വിവരിക്കുന്നില്ല, സ്വർഗനരകങ്ങൾ വിവരിക്കുന്നില്ല. എല്ലാ ചരാചരങ്ങൾക്കും നന്മവരുത്തുന്ന സന്ദേശങ്ങളായ വേദങ്ങൾ. ഭാരതീയ സംസ്കാരത്തിന്റെ അടിക്കല്ലുകളാണ്.

- വേദം പഠിക്കാനുള്ള യോഗ്യതയല്ല ബ്രാഹ്മണ്യം. വേദം പഠിച്ചവനെയാണ് ബ്രാഹ്മണനെന്നു പറയുന്നത്. ജന്മനാൽ നമ്പൂതിരി, എമ്പ്രാതിരി, അയ്യങ്കാർ, അയ്യർ എന്നിവരെയുള്ളൂ. വേദം പഠിച്ചാൽ എല്ലാവരും ബ്രാഹ്മണരായിത്തീരുന്നു.

- മേൽവിവരിച്ച നിയമം എല്ലാവർക്കും ബാധകമാണ്. വേദം എഴുതിയത് ക്ഷത്രിയ വംശജരായ ഋഷികളാണ്. അവ വിഭജിച്ചതാകട്ടെ മുക്കുവവംശത്തിലെ കൃഷ്ണദ്വൈപായനനും.

- എല്ലാ വിഭാഗത്തിലുള്ള ഋഷീശ്വരന്മാരും നമ്മുടെ ധർമ്മശാസ്ത്രങ്ങളെഴുതിയിട്ടുണ്ട്.

- വേദങ്ങൾ മാനവരാശിക്കാവശ്യമായ സന്ദേശങ്ങളാണ് നൽകുന്നത്. അതെല്ലാവർക്കും പ്രയോഗിക്കാവുന്നതാണ്. ഇന്ന് വേദം ലോകപൈതൃകത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

- ഇരുന്നൂറിൽപരം ഋഷീശ്വരന്മാർ ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് എഴുതിയ അനവധി സൂക്തങ്ങളാണ് കൃഷ്ണദ്വൈപായനൻ നാലാക്കി വിഭജിച്ച് ശിഷ്യന്മാർക്ക് വികസിപ്പിക്കാനായി നൽകിയത്. വേദങ്ങൾ നാലാണെങ്കിലും വേദശാഖകൾ അനവധിയാണ്.

- **രാമായണം അനുഭവങ്ങളിലൂടേയും നേരിട്ടും സന്ദേശങ്ങൾ തരുന്നു. മഹാഭാരതം അനുഭവങ്ങളിലുടേയും കഥകളിലൂടേയും നേരിട്ടും സന്ദേശങ്ങൾ നല്കുന്നു. അതുപോലെ പുരാണങ്ങളും പ്രധാനമായും കഥകളിലൂടേയും പിന്നെ അനുഭവങ്ങളിലൂടേയും**



Scanned with CamScanner

നേരിട്ടും സന്ദേശങ്ങൾ നൽകുന്നു. എന്നാൽ വേദങ്ങൾ സന്ദേശങ്ങൾ മാത്രമാണ് നൽകുന്നത്.

- വേദങ്ങളിൽ കഥകളില്ല വ്യക്തികളുടെ അനുഭവങ്ങൾ വിവരിച്ചിട്ടുമില്ല. സ്വർഗനരകങ്ങളോ, പാപപുണ്യങ്ങളോ വിവരിച്ചിട്ടില്ല. സമഗ്രവും സമ്പൂർണ്ണവുമായ ജീവിതത്തിനാവശ്യമായ ആയിരക്കണക്കിന് സന്ദേശങ്ങളാണ് വേദങ്ങളിലുള്ളത്.

- ജാതിക്കും, മതത്തിനും, പ്രായത്തിനും, വർഗ-വർണ-ഭാഷാ-ദേശ-ലിംഗ വ്യത്യാസങ്ങൾക്കുമതീതമായ സന്ദേശങ്ങൾ ഇന്നു ലോകൈകപൈതൃകമായി അംഗീകരിച്ചിട്ടുള്ളതാണ്.

- വേദം അനാദിയാണ് കാരണം അതെന്നെഴുതിയെന്നറിയില്ല. അത് അപൗരുഷേയമാണ് കാരണം സാധാരണ മനുഷ്യനാൽ ഇപ്രകാരം എഴുതാൻ അസാദ്ധ്യമാണ്. പ്രകൃതിയുടെ ചൈതന്യത്തെ ബാഹ്യവും ആന്തരീകവുമായ ദൃഷ്ടികളാൽ കണ്ടനുഭവിച്ച് എഴുതിയ സന്ദേശമന്ത്രങ്ങളായതിനാൽ വേദങ്ങളെഴുതിയ ഋഷിവര്യന്മാരെ മന്ത്രദ്രഷ്ടാക്കളെന്നു പറയുന്നു.

- വേദമന്ത്രം പഠിക്കാൻ ബ്രാഹ്മണനാകണ്ടതില്ല. വേദമന്ത്രം പഠിച്ചാൽ ലഭിക്കുന്ന പദവിയാണ് ബ്രാഹ്മണൻ.

- വേദം പഠിക്കണ്ട! വേദം പഠിക്കണമെന്നില്ല! എന്നിപ്രകാരം നമ്മുടെ പൂർവ്വികർ പറഞ്ഞിട്ടുണ്ട്. കാരണം വേദം പഠിക്കുക എന്നത് അതികഠിനമാണ്. വേദം പഠിക്കരുത് എന്ന് അവരൊരിക്കലും പറഞ്ഞിട്ടില്ല. തെറ്റായി പഠിക്കാതിരിക്കാൻ ഗുരുവിൽനിന്ന് നേരിട്ടു പഠിക്കാൻ പറഞ്ഞു! കാരണം ഒരിക്കൽ തെറ്റായ രീതിയിൽ പഠിച്ചാൽ പിന്നെ അത് ശരിയാക്കാൻ വിഷമമാണ്.

- ഒരക്ഷരം തെറ്റിയാലും അല്ലെങ്കിൽ ശ്രുതി തെറ്റിയാലും അർത്ഥവും സന്ദേശവും മാറുന്നതാണ്, തെറ്റി പഠിപ്പിക്കരുതെന്നു പറയാൻ കാരണം!

- വേദങ്ങൾക്ക് 10 ശ്രുതിയുണ്ട് ഉദാത്തം. അനുദാത്തം, സ്വരിതം, രേഫം, ഹ്രസ്വം, പ്രചേയം, അനുനാസികം, കമ്പം, ദീർഘകമ്പം, പ്ലുതം. ഇവയൊന്നും സ്വയം പുസ്തകം നോക്കി പഠിച്ചാലോ സിഡി കേട്ടു പഠിച്ചാലോ ശരിയാകില്ല.

- അതുകൊണ്ട് വേദമന്ത്രങ്ങൾ കേട്ടാൽ മതിയാകും. കേൾക്കുമ്പോൾ അതിന് നല്ല രീതിയിലുള്ള മാനസീകശാരീരിക ഫലങ്ങളുണ്ട്. അതിനെ ന്യൂറോ ലിംഗ്വിസ്റ്റിക് ഇഫക്റ്റ് എന്നു പറയുന്നു.



Scanned with CamScanner

അർത്ഥമറിഞ്ഞു കേൾക്കുമ്പോൾ ന്യൂറോലിംഗ്വിസ്റ്റിക് ഇഫക്റ്റും സൈക്കോലിംഗിസ്റ്റിക് ഇഫക്റ്റുമുണ്ട്.

- വിവിധ സൈക്കോസൊമാറ്റിക് രോഗങ്ങൾക്ക് വേദമന്ത്ര ശ്രവണം ഒരു നല്ല ചികിത്സയാണ്. അത് മന്ത്രാതെറപ്പി എന്നു പറയാം. ന്യൂ ഏജ് തെറപ്പിയുടെ ഭാഗമാണിത്.
- മന്ത്രങ്ങളിലുള്ളത് സന്ദേശങ്ങളാണ്. ഓരോ വാക്കിലും വരിയിലും സന്ദേശങ്ങളുണ്ട്.
- സംഗച്ഛധ്വം= ഒരുമിച്ച് നടക്കാം, സംവദധ്വം=ഉള്ളു തുറന്നറിഞ്ഞ് ചർച്ച ചെയ്യാം, സംവോ മനാംസി ജാനതാം = ഒരേ മന സ്സുള്ളവരായി പരസ്പരം അറിയാം, സമാനോ മന്ത്രഃ = ഒരേ മന്ത്ര മാലപിക്കാം; സമിതി സമാനി = ഒരേ ലക്ഷ്യമുള്ള സമിതിയിലൂടെ പ്രവർത്തിക്കാം, സമാനാ ഹൃദയാനി വ: നമ്മുടെ ഹൃദയമിടിപ്പു പോലും ഒരേ പോലെയുള്ളതാക്കാം; യഥാവ: സുസഹാതി= ആന ന്ദത്തോടെ ഒരുമിച്ചു ജീവിക്കാം.
- സഹനാവവതു സഹനൗ ഭുനക്തു സഹവീര്യം കരവാവഹൈ തേജസ്വിനാവധീതമസ്തു മാ വിദ്വിഷാവഹൈ (ഇതിന്റെ അർത്ഥം എല്ലാവർക്കുമറിയാവുന്നതാണ്.)
- അസതോമാ സത്ഗമയാ, തമസോമാ ജ്യോതിർഗമയാ മൃത്യോർമാ അമൃതം ഗമയ (അർത്ഥമറിയാവുന്നതാണ്)
- ഭദ്രം കർണ്ണേഭി ശ്രുണയാമ ദേവാ.... ഇപ്രകാരമുള്ള അനവധി സന്ദേശങ്ങൾ മാത്രമടങ്ങുന്നതാണ് വേദമന്ത്രങ്ങൾ
- വേദമന്ത്രങ്ങൾ യാഗത്തിനും യജ്ഞത്തിനുമായി പ്രയോഗിക്കുന്ന രീതി കൂടുതലും വിവരിച്ചിരിക്കുന്നത് ബ്രാഹ്മണ ഗ്രന്ഥങ്ങളിലാണ്. എല്ലാ വേദങ്ങൾക്കും ബ്രാഹ്മണഗ്രന്ഥങ്ങളുണ്ട്. വളരെയധികം ചരിത്ര വസ്തുകൾ ശതപഥബ്രാഹ്മണത്തിലും ഗോപഥബ്രാഹ്മണത്തിലുമുള്ളത് UGC ചരിത്ര പഠന പുസ്തകങ്ങളുടെ ഭാഗമാക്കിയിട്ടുണ്ട്.
- ബ്രാഹ്മണ ഗ്രന്ഥങ്ങളുടെ തുടർച്ചയായി (ഋഗ്വേദീയ ബ്രാഹ്മണങ്ങൾക്കും യജുർവേദീയ ബ്രാഹ്മണങ്ങൾക്കും) വരുന്നതാണ് അതാത് വേദത്തിന്റെ ആരണ്യകങ്ങൾ. ഇന്നത്തെ കാലഘട്ടത്തിൽ ഈ ഗ്രന്ഥങ്ങൾക്ക് കാര്യമായ പ്രസക്തിയില്ല.
- എല്ലാ വേദത്തിനും അവയുടെ പരമമായ സത്ത് ആയി ഉപനിഷത്തുക്കളുണ്ട്. ശ്രേഷ്ഠമായ 18 ഉപനിഷത്തുക്കളിൽ ജീവാത്മാവ്-പരമാത്മാവ്-പഞ്ചപ്രാണൻ-പഞ്ചകർമ്മേന്ദ്രിയം-പഞ്ചജ്ഞാനേന്ദ്രി



Scanned with CamScanner

യം-മനസ്.... എന്നിവയാണ് വിവരിക്കുന്നത്. ഭഗവത്ഗീത ഉപനിഷത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഇവയെല്ലാം വേദാന്തങ്ങളായി BA, MA ക്ക് ലോകം മുഴുവനും പഠിപ്പിക്കുന്നു.

- വേദമന്ത്രങ്ങൾ പഠിക്കുന്ന സമ്പ്രദായം വിവരിക്കുന്ന ഗ്രന്ഥങ്ങളെ ശിക്ഷാഗ്രന്ഥങ്ങളെന്നു പറയുന്നു. വ്യത്യസ്ഥ രീതിയിലുള്ള വേദമന്ത്രാലാപനം ഈ ശിക്ഷാ ഗ്രന്ഥത്തിലുണ്ട്. പാണിനീയ ശിക്ഷ, ശൗനകീയ ശിക്ഷ...... അവക്കുദാഹരണങ്ങളാണ്.
- വേദമന്ത്രപദങ്ങളുടെ സമഗ്രമായ അർത്ഥവ്യാപ്തി വിവരിക്കുന്ന ഗ്രന്ഥമാണ് യാസ്കാചര്യന്റെ നിരുക്തം. ഈ വിഭാഗത്തിൽപ്പെടുന്ന അനവധി ഗ്രന്ഥങ്ങളുണ്ട്.
- വേദസംസ്കാരത്തിന്റെ വ്യാകരണനിയമങ്ങൾ വ്യാകരണ ഗ്രന്ഥങ്ങളിൽ വരുന്നു. പാണീനീയ വ്യാകരണം ശാകടായന വ്യാകരണം പോലെ അനവധി വ്യാകരണ ഗ്രന്ഥങ്ങളുണ്ട്.
- ഛന്ദഃശാസ്ത്രത്തിലാണ് വേദമന്ത്ര രചനാരീതികൾ എഴുതിയിരിക്കുന്നത്. വിവിധ ഛന്ദസ്സുകളുടെ നിയമങ്ങളാണ് പിംഗളാചാര്യന്റെ ഛന്ദഃശാസ്ത്രത്തിലുള്ളത്.
- ശിക്ഷാ, നിരാക്ത, വ്യാകരണ, ഛന്ദഃ ശാസ്ത്രഗ്രന്ഥങ്ങൾ ലോകഭാഷാ ശാസ്ത്രങ്ങൾക്ക് അസാധാരണ സംഭാവന നൽകിയിട്ടുള്ളത് BA, MA, സാഹിത്യം വ്യാകരണം എന്നീവിഷയങ്ങളായി അനവധി വിദ്യാലയങ്ങളിൽ പഠിക്കുന്നു.
- ജ്യോതിഷത്തിൽ ഗണിതം ജ്യോതിശാസ്ത്രം പ്രവചനം ഇവയെല്ലാം വിവരിക്കുന്നു. അനേകായിരം ഗ്രന്ഥങ്ങൾ ജ്യോതിഷത്തിന്റേതായിട്ടുണ്ട്.
- ജ്യോതിഷത്തിലെ ഗണിതവും ജ്യോതിശാസ്ത്രവും ശുദ്ധസയൻസാണ് എന്നാൽ ഇവയുടെ അടിസ്ഥാനത്തിലാണ് പ്രെഡിക്ഷൻ നടത്തുന്നതെങ്കിലും പ്രവചനം സയൻസല്ല. എന്നാൽ ജാതകം നല്ല പണ്ഡിതർ ഒരേ പോലെ വിലയിരുത്തുമെങ്കിലും പ്രശ്നം repeatable ഉം reproduceable ഉം അല്ല.
- ജാതകം, പ്രശ്നം, നിമിത്തം, മുഹൂർത്തം ഇവയെല്ലാം ജ്യോതിഷത്തിന്റെ ഭാഗമാണ്. ഇവയെല്ലാം യുക്തമനുസരിച്ച് പ്രയോഗിക്കാവുന്നതാണ്. അന്ധമായി ഒന്നും അനുശാസിക്കരുത്. നമുക്കുപ്രയോജനപ്പെടുന്നതുമാത്രം പ്രയോഗിക്കുക.
- വളരെ നല്ലവ്യക്തിയും, നല്ല ആധുനീക വിദ്യാഭ്യാസമുള്ളവനും ശാസ്ത്രീയ വീക്ഷണമുള്ളവനും, എളിമയുള്ളവനും, അറിവിൽ



Scanned with CamScanner

അഹങ്കരിക്കാത്തവനുമായ ജ്യോതിഷികളെ വേണം കാര്യങ്ങളറി യാനായി സമീപിക്കാൻ. അവർ പറയുന്നതും അവസാന വാക്കായിട്ടൊരിക്കലും എടുക്കരുത്.

- **കൽപശാസ്ത്രത്തിൽ** അഞ്ചുഭാഗങ്ങളുണ്ട് ശ്രൗതസൂത്രം, ധർമ്മ സൂത്രം, ഗൃഹ്യസൂത്രം, പിതൃമേധസൂത്രം, സുൽബസൂത്രം. ഒന്നാ മത്തേത് യാഗയജ്ഞകർമ്മങ്ങൾ വിവരിക്കുന്ന **ശ്രൗതസൂത്രം.** ഇത് സാധാരണക്കാർക്കുള്ളതല്ല.
- ഗൃഹസ്ഥരായ ഭാര്യ-ഭർത്താവ്-മാതാവ്-പിതാവ്-പുത്ര-പുത്രിമാർ അനുഷ്ഠിക്കേണ്ടതായ അനുഷ്ഠാനങ്ങൾ ഗൃഹ്യസൂത്രഗ്രന്ഥത്തിൽ വിവരിക്കുന്നു. ഭാരതീയ ഗ്രന്ഥങ്ങളിൽ എല്ലാ വിഭാഗ ജനതക്കും വേണ്ടി രചിച്ചിട്ടുള്ള, കുടുംബബന്ധം ദൃഢമാക്കുന്ന അതിപ്രധാ നമായ ഗ്രന്ഥങ്ങളാണ് ഗൃഹ്യസൂത്ര ഗ്രന്ഥങ്ങൾ. അനവധി ഗ്രന്ഥങ്ങളുണ്ട്.
- ഒരു കുടുംബം, സമൂഹം, രാഷ്ട്രം, മാനവരാശി, ജീവജാലങ്ങൾ, പ്രകൃതി, സംസ്കാരം, രാഷ്ട്രഭരണ വ്യവസ്ഥകൾ തുടങ്ങി ഒരു രാഷ്ട്രത്തിന്റെ എല്ലാ അടിസ്ഥാന വ്യവസ്ഥകളും വിവരിക്കുന്ന അതിപ്രധാനമായ ഗ്രന്ഥങ്ങളാണ് **ധർമ്മശാസ്ത്രങ്ങൾ** അഥവാ ധർമ്മസൂത്ര ഗ്രന്ഥങ്ങൾ: ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളെ **സ്മൃതിക** ളെന്നും പറയുന്നു.
- വൈദീകമായ മരണാനന്തരകർമ്മങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങ ളാണ് കൽപശാസ്ത്രത്തിലെ **പിതൃമേധസൂത്രങ്ങൾ.** ഈ ഗ്രന്ഥ ങ്ങളിലെ ചില ഭാഗങ്ങൾ മരണാനന്തര ചടങ്ങുകളിൽ ഇന്നും പ്രയോഗിക്കുന്നു.
- കൽപശാസ്ത്രത്തിലെ ഏറ്റവും പ്രധാനമായ നാലു ബൃഹദ്ഗ്രന്ഥ ങ്ങളാണ് ബൗധായനകൽപശാസ്ത്രം, അപസ്തംബകൽപശാ സ്ത്രം, കാത്യായന കൽപശാസ്ത്രം, മാനവ കൽപശാസ്ത്രം. ഇതിൽ ബൗധായനകൽപശാസ്ത്രത്തത്തിലാണ് ബൗധായന ശ്രൗതസൂത്രം, ബൗധായന ഗൃഹ്യസൂത്രം, ബൗധായന ധർമ്മസൂ ത്രം, ബൗധായനപിതൃമേധസൂത്രം, വരുന്നത്.
- ഈ നാലു കൽപശാസ്ത്രങ്ങളിലും ശ്രൗതസൂത്രത്തിനോട് ചേർന്ന **സുൽബസൂത്രത്തിൽ,** യാഗമണ്ഡപവും യാഗകുണ്ഡങ്ങളും നിർമ്മിക്കാനുള്ള വൈദീക ജ്യോമട്രിയും വരുന്നു.
- മേൽവിവരിച്ച നാലു കൽപശാസ്ത്രങ്ങളുടെ ഭാഗമല്ലാതെ സ്വത ന്ത്രമായി ഋഷിമാർ ധർമ്മസൂത്രങ്ങളും, പിതൃമേധസൂത്രങ്ങളും



Scanned with CamScanner

ഗൃഹ്യസൂത്രങ്ങളും, ശ്രൗതശൂത്രങ്ങളും രചിച്ചിട്ടുണ്ട്. ഉദാഹരണത്തിന് വിഷ്ണുധർമ്മസൂത്രം, വസിഷ്ഠധർമ്മസൂത്രം, ജൈമിനീയ ഗൃഹ്യസൂത്രം.

- 'സൂത്രം' എന്ന പദത്തിന് അർത്ഥം ഏറ്റവും കുറഞ്ഞ വാക്കുകളിൽ ഏറ്റവും കൂടുതൽ അർത്ഥം വരുന്നത് എന്നാണ്. അതിന് ചരട് എന്നും അർത്ഥമുണ്ട്. 'സൂത്രം' എന്ന പദത്തിനു പകരം പലപ്പോഴും 'നിർദ്ദേശിക്കുന്നത്' എന്ന അർത്ഥത്തിൽ 'ശാസ്ത്രം' എന്നും മേൽവിവരിച്ച ഗ്രന്ഥങ്ങൾക്ക് പേർ വരാറുണ്ട്. ധർമ്മശാസ്ത്രം, ഗൃഹ്യശാസ്ത്രം.... എന്നപ്രകാരം. എല്ലാം വൈദീകമായ അടിത്തറയിൽ നിന്നുയരുന്നതാണ്.
- ഇതുവരെ വിവരിച്ച ശിക്ഷാഗ്രന്ഥങ്ങൾ, നിരുക്തഗ്രന്ഥങ്ങൾ, വ്യാകരണഗ്രന്ഥങ്ങൾ, ഛന്ദഃശാസ്ത്രഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, കൽപശാസ്ത്രഗ്രന്ഥങ്ങൾ ചേർന്നതാണ് (ആറ്) വേദാംഗങ്ങൾ എന്ന് അറിയപ്പെടുന്നത്. വേദാംഗം എന്ന പദത്തിന് വേദത്തിന്റെ അവയവങ്ങളെന്നാണ് അർത്ഥം.
- ഭാരതീയ ജീവിതത്തിൽ, ഏറ്റവും അധികം പൈതൃകത്തിന്റെ സ്വാധീനമുള്ള രണ്ടുവിഭാഗം ഗ്രന്ഥങ്ങളാണ് ജ്യോതിഷവും കൽപശാസ്ത്രവും. പ്രത്യക്ഷമായും പരോക്ഷമായും, അറിഞ്ഞും അറിയാതെയും നിത്യജീവിതത്തിൽ ഇവ രണ്ടും നമ്മൾ അഗാധമായി പ്രയോഗിക്കുന്നുണ്ട്.
- ജന്മനക്ഷത്രം, ഗൃഹപ്രവേശം, വിവാഹം, നല്ല ദിവസം നോക്കൽ, തറക്കല്ലിടൽ, ആചാരത്തിനുള്ള സമയം നോക്കൽ, ഷഷ്ടിപൂർത്തി, പ്രതിഷ്ഠാസമയം, ഉത്സവാഘോഷം, സത്യപ്രതിജ്ഞാസമയം, യാത്രപുറപ്പെടൽ, തീർത്ഥാടനം, വ്യവസായസംരംഭം, അക്ഷയതൃതീയ, ദീപാവലി, വിഷു, പുണ്യനക്ഷത്രം, തിഥി, സ്ഥാനം നോക്കുന്നത്, കിണർകുഴിക്കുന്നത്, വാസ്തു, പഠനാരംഭം, പൂജാകർമ്മങ്ങൾ, പുതുവസ്ത്രധാരണം, ഇപ്രകാരം ആയിരക്കണക്കിന് ആചാരാനുഷ്ഠാനങ്ങൾ ഇന്നും നടക്കുന്നത് ജ്യോതിഷത്തിന്റെ അടിസ്ഥാനത്തിലാണ്. സമയം മുഹൂർത്തം ജാതകചേർച്ച എന്നിവയെല്ലാം നോക്കുന്നത്, ഓരോ കർമ്മത്തിനും time, space, observer കൃത്യമായി വേണ്ടതിനാലാണ്. ഇതിനായിട്ടാണ് നാം ജ്യോതിഷത്തിനെ ആശ്രയിക്കുന്നത്.
- മേൽ വിവരിച്ച ചടങ്ങുകൾക്കാധാരം കൽപശാസ്ത്രമാണ്. ഗൃഹ്യസൂത്രത്തിൽ ഗർഭാധാനം, പുംസവനം, ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൂഢാകരണം, ഉപനയനം, വിദ്യാരംഭം, വിവാഹം,



Scanned with CamScanner

ഗൃഹപ്രവേശനം, മരണാനന്തരകർമ്മം വരെയുള്ള ചടങ്ങുകൾ എങ്ങിനെ നടത്തണമെന്നു വിവരിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം ഏറ്റവും ദൃഢമാക്കാനാണ് ഈ ചടങ്ങുകളെല്ലാം ഗൃഹത്തിലനുഷ്ഠിക്കുന്നത്.

- ശ്രൗതസൂത്രത്തിലാണ് സോമയാഗം, അതിരാത്രം, പുത്രകാമേഷ്ഠി, അശ്വമേധം തുടങ്ങി അനവധി യാഗങ്ങൾ എങ്ങിനെ നടത്തണമെന്നതും അതിന്റെ മന്ത്രങ്ങളും, ചടങ്ങുകളും, ആചാരങ്ങളും, എല്ലാം കൃത്യമായി വിവരിക്കുന്നതും! ശ്രൗതസൂത്ര വിവരണം യാഗം നടത്തുന്നവർക്കല്ലാതെ സാധാരണക്കാർക്ക് വ്യാഖ്യാനങ്ങളില്ലാതെ മനസ്സിലാക്കുവാൻ വിഷമമാണ്. മിക്കവാറും വൈദീക സംസ്കൃതമായതിനാൽ സംസ്കൃതത്തിന്റെ അറിവുമാത്രം പോരാ ഇതിലെവിഷയങ്ങൾ ഗഹനമായി പഠിക്കാൻ. സമൂഹത്തിന്റെ ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ്, ഈ യാഗങ്ങളിലൂടെ ലക്ഷ്യമിടുന്നത്.
- ശ്രൗതസൂത്രവിവരണത്തിലെ ചെറിയ അംശങ്ങൾ ചേർന്നതാണ് നാം സാധാരണയായ നടത്താറുള്ള വൈദീകകർമ്മമായ ഗണപതിഹോമം, തിലഹോമം, പവമാന ഹോമം, ചണ്ഡികാഹോമം എന്നിവയെല്ലാം. (അതായത് അഗ്നിയിൽ ഹോമിച്ചുള്ള ആരാധനാക്രമം) രാഷ്ട്രനന്മക്കും ജനങ്ങളുടെ ഐക്യത്തിനുംവേണ്ടി മാത്രമായിരുന്നു യാഗങ്ങളനുഷ്ഠിച്ചിരുന്നത്.
- മരണത്തിനുതൊട്ടുമുമ്പ്, മരിക്കുന്ന വേളയിൽ, മരണാനന്തരം, ദഹനം, ചിതകൂട്ടൽ, ശ്മശാനത്തിലെ ചടങ്ങുകൾ, മരണാനന്തരം 10 or 16 ദിവസത്തെ ചടങ്ങുകൾ, വാർഷികശ്രാദ്ധം അസ്തിസഞ്ജയനം തുടങ്ങിയതെല്ലാം പിതൃമേധസൂത്രഭാഗങ്ങളാണ്. അതുകൊണ്ടുതന്നെ നമ്മുടെ നിത്യജീവിതവുമായി ഇത് ഏറെബന്ധപ്പെട്ടിരിക്കുന്നു.കുടുംബബന്ധം തലമുറകളായി ദൃഢമാക്കലാണ് യഥാർത്ഥപിതൃകർമ്മത്തിന്റെ സന്ദേശം.
- ഇവയെല്ലാം പൈതൃകമായി നമുക്കുലഭിച്ച അറിവുകളാണ്. നാം, അറിഞ്ഞും അറിയാതെയും ഇതെല്ലാം ജീവിതത്തിൽ ശരിയായും തെറ്റായും പ്രയോഗിക്കുന്നുണ്ട്. ഇവയെല്ലാം നാം അനുഷ്ഠിച്ചു കൊണ്ട് ജീവിക്കുമ്പോളാണ് ഒരു ഹിന്ദുജീവിതമാകുന്നത്. ഇവയെല്ലാം നാം ജീവിതത്തിൽ പകർത്തുമ്പോൾ, പകർത്തുന്ന കാര്യങ്ങൾ താഴെപ്പറയുന്നതിന്റെ അടിസ്ഥാനത്തിൽ ആചരിക്കണം.
- ആചാര്യാത് പാദമാദത്തെ പാദം ശിഷ്യസ്വമേധയാ

  പാദം സ ബ്രഹ്മചാരിഭ്യഃ ശേഷം കാലക്രമേണ ച

  ആചാര്യനിൽ നിന്ന് ലഭിക്കുന്ന അറിവിന്റെ കാൽഭാഗം ഉപയോ



Scanned with CamScanner

ഗിക്കുക. അടുത്ത കാൽ ഭാഗം സ്വയം ചിന്തിച്ച് വിലയിരുത്തി പ്രയോഗിക്കുക. മൂന്നാമത്തെ കാൽഭാഗം പണ്ഡിതരായ മറ്റു സഹ പ്രവർത്തകരിൽ നിന്നും അവസാനത്തെ കാൽഭാഗം ജീവിതത്തിൽ മുന്നോട്ടുള്ള പ്രയാണത്തിലും വേണം സ്വീകരിച്ചനുശാസിക്കാൻ എന്നോർമ്മിക്കണം. ഒന്നും അന്ധമായിട്ടനുശാസിക്കരുത്. ഓരോ ചടങ്ങും ഈശ്വരനെ സന്തോഷിപ്പിക്കാനായി ചെയ്യുന്നതല്ല. ഈശ്വ രീയ ചൈതന്യത്തിന് സന്തോഷം, ദുഃഖം, വാശി, പക, വിദ്വേഷം എന്നൊന്നുമില്ല. കർമ്മഫലം അതുചെയ്തവനുലഭിക്കുന്നു എന്ന താണ് വ്യക്തം. അത് ദൈവം തരുന്നതല്ല. കർമ്മത്തോടൊപ്പമുള്ള താണത്.

- അപകടകരമായ രീതിയിൽ വാഹനമോടിച്ചാൽ ദൈവമല്ല അപ കടം വരുത്തുന്നത്. ഓടിച്ചവൻ തന്നെയാണ് അപകടമുണ്ടാക്കു ന്നത്. സത്കർമ്മത്തോടൊപ്പം സത്കർമ്മഫലവുമുണ്ട്. ദുഷ്കർമ്മ ത്തോടൊപ്പം ദുക്ഷ്കർമ്മഫലവുമുണ്ട്. തീക്കനലിൽ കൈവയ്ക്കു ന്നകർമ്മത്തോടൊപ്പമുള്ളതാണ് കൈപ്പൊള്ളുന്നു എന്ന കർമ്മ ഫലവും

- വേദബ്രാഹ്മണ ആരണ്യക ഉപനിഷത്തുക്കളായ വൈദീക ഗ്രന്ഥ ങ്ങളും, ശിക്ഷ നിരുക്ത വ്യാകരണ ഛന്ദശാസ്ത്ര ജ്യോതിശാസ്ത്ര കൽപശാസ്ത്രഗ്രന്ഥങ്ങളായ വേദാംഗങ്ങളും കഴിഞ്ഞാൽ നമ്മുടെ പൈതൃകത്തിൽ നാം നിത്യവും അനുഷ്ഠിക്കുന്ന അഥവാ ബന്ധ പ്പെടുന്ന അഞ്ചു വിഷയങ്ങൾ കൂടിയുണ്ട്. ഉപവേദങ്ങൾ എന്ന് അവ അറിയപ്പെടുന്നു.

- ഋഗ്വേദത്തിന്റെ ഉപവേദമായ അർത്ഥശാസ്ത്രത്തിന്റെ അടിസ്ഥാ നത്തിലായിരുന്നു ഭാരതത്തിൽ എല്ലാവിധ ധനതത്വശാസ്ത്രവും, നികുതി, ശമ്പളം, നാണയ നിർമ്മാണം, ക്രയവിക്രയം, ബാങ്കിംഗ് സംവിധാനം നടന്നിരുന്നത്. ഇതെല്ലാം പണ്ടുമുതൽക്കേ ഗ്രാമങ്ങ ളിലും പട്ടണങ്ങളിലുമുണ്ടായിരുന്നതാണ്. അവയുടെയും ഇന്നുള്ള ധനകാര്യവ്യവസ്ഥയുടേയും ആദിമവും ശാസ്ത്രീയവുമായ രീതി ഇന്നും പ്രായോഗികമായരീതിയിൽ വിവരിക്കുന്നതാണ് അർത്ഥ ശാസ്ത്രത്തിലെ വിവരണങ്ങൾ. കൗടില്യന്റെ അർത്ഥശാസ്ത്രത്തെ മാത്രം ആധാരമാക്കി 2010 ൽ ബോംബേയിൽ നടന്ന സെമിനാ റിൽ നൂറുകണക്കിന് വിദേശികളുൾപ്പെടെ ആയിരക്കണക്കിന് പ്രതി നിധികൾ പങ്കെടുത്തത് നമ്മുടെ പൈതൃകഗ്രന്ഥമായ അർത്ഥശാ സ്ത്രത്തിന്റെ സമകാലീന പ്രസക്തി വ്യക്തമാക്കുന്നു.

- ധനുർവേദത്തിലാണ് മഹാഭാരതത്തിലേതുൾപ്പെടെയുള്ള യുദ്ധ നിയമങ്ങൾ, രീതികൾ, വ്യവസ്ഥകൾ എന്നിവയെല്ലാം വിവരി



Scanned with CamScanner

ക്കുന്നത്. അത്ഭുതകരമായ വസ്തുത ഈ ഗ്രന്ഥത്തിലെ വ്യവസ്ഥകളിൽ ഭൂരിഭാഗവും ഇന്നും യുദ്ധനിയമത്തിന്റെ ഭാഗമായി ദേശീയവും അന്തർദേശീയവുമായ തലത്തിൽ ആചരിക്കപ്പെടുന്നു അഥവാ പ്രയോഗിക്കുന്നു എന്നതാണ്. യജുർവേദത്തിന്റെ ഉപ ഉപവേദമാണ് ധനുർവേദം. ദ്രോണാചാര്യകൃതിയിലുള്ളതാണെന്നു തോന്നുന്നു ഇന്നുലഭ്യമായ ധനുർവേദം.

◆ ഇന്നു സർവസാധാരണമായി ഭാരതത്തിലും വിദേശത്തിലും പഠിപ്പിച്ചവതരിപ്പിക്കുന്ന കർണാടക-ഹിന്ദുസ്ഥാനി സംഗീതങ്ങളും നൃത്തനൃത്യങ്ങളും, സാമവേദത്തിന്റെ ഉപവേദമായ ഗാന്ധർവ വേദത്തിലുള്ളതാണ്.

◆ ഭാരതത്തിലെമ്പാടും ഉള്ള സംഗീത-നൃത്ത-നാടക കോളേജുകളിലൂടെ നമ്മുടെ പൈതൃകം ഇന്നും സജീവമായിത്തന്നെ നിലവിൽക്കുന്നു. സംഗീതചികിത്സയും മറ്റും ഗാന്ധർവ വേദത്തിന്റെ തന്നെ ഭാഗമാണെന്നറിയണം.

◆ ഭരതമുനിയുടെ നാട്യശാസ്ത്രം ഗാന്ധർവവേദത്തിന്റെ ഭാഗമാണ് ഭാരതത്തിലെ ഏതുവിധ നൃത്തനൃത്യങ്ങളെടുത്താലും കുച്ചിപ്പുടിയായാലും, ഭരതനാട്യമായാലും, മോഹിനിയാട്ടമായാലും എല്ലാത്തിന്റെയും അടിസ്ഥാനം ഗാന്ധർവവേദമാണെന്ന് അറിയുമ്പോൾ നമ്മുടെ ഈ പൈതൃകം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എവിടെ നിൽക്കുന്നു എന്ന് ചിന്തിക്കാമല്ലോ. സംഗീത-നൃത്ത വിവരണങ്ങൾ സാധാരക്കാർക്കും ഇന്ന് ലഭ്യമാണല്ലോ.

◆ അഥർവ വേദത്തിന്റെ ഉപവേദമായ ആയൂർവേദം ഇന്ന് നൂറുകണക്കിന് ആയൂർവേദകോളേജുകളിലൂടെ പഠിപ്പിച്ച് പ്രയോഗിക്കുന്നു. ചരകസംഹിതയും സുശ്രുതസംഹിതയും അഷ്ടാംഗഹൃദയവും അഷ്ടാംഗ സംഗ്രഹവുമെല്ലാം ഇന്നത്തെ ഭാരതീയ ജീവിതത്തിന്റെയും ആരോഗ്യത്തിന്റേയും ചികിത്സയുടേയും ഭാഗമാണ്. ആയൂർവേദമെന്ന ഉപവേദത്തെക്കുറിച്ച് കൂടുതൽ വിവരണം തന്നെ ആവശ്യമില്ലല്ലോ.

◆ സ്ഥാപത്യവേദമെന്ന തച്ചുശാസ്ത്രത്തിലെ നിർദ്ദേശങ്ങൾ തെറ്റായിട്ടും ശരിയായിട്ടും ഇന്നു പ്രയോഗിക്കുന്നു. നശിച്ചിട്ടില്ലാത്ത ഈ ഉപവേദശാഖ കൂടുതൽ കൂടുതൽ പ്രയോഗത്തിൽ വന്നുകൊണ്ടിരിക്കുന്നു. ഇത് യഥാർത്ഥത്തിൽ ഉപവേദമല്ല, ഉപവേദസ്ഥാനമാണതിനുള്ളതെന്നും പറയപ്പെടുന്നു.

◆ ഇപ്രകാരം വൈദീകഗ്രന്ഥങ്ങളും, വേദാംഗഗ്രന്ഥങ്ങളും, ഉപവേദഗ്രന്ഥങ്ങളും കഴിഞ്ഞാൽ നാം ഇതിഹാസ പുരാണങ്ങളിലേക്ക് കടക്കുന്നു.



Scanned with CamScanner

## രാമായണത്തിൽ പഠിക്കേണ്ടതിൽ ചില സന്ദേശങ്ങൾ

- എത്ര പ്രിയപ്പെട്ടവർക്കും കുടുംബാംഗങ്ങൾക്കും പോലും ദശരഥൻ ചെയ്തതുപോലെ ആവശ്യമില്ലാത്ത വാഗ്ദാനം ചെയ്യരുത്! കൈകേയി ആവശ്യപ്പെട്ടതനുസരിച്ച് കൊടുത്ത വാഗ്ദാനം, പിന്നീടത്തേക്കു മാറ്റിവെക്കരുത്!
- കൈകേയിക്കു സംഭവിച്ചതുപോലെ വ്യക്തിയുടെ കൂട്ടുകെട്ട് വ്യക്തിയെ ദുർമാർഗത്തിലേക്കു നയിക്കുന്നു!
- ധർമ്മശാസ്ത്രം ലംഘിച്ചും സ്വന്തം പുത്രനെ രാജാവാക്കണമെന്ന സ്വാർത്ഥത വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനുതന്നെയും (ദശരഥന്റെ മരണത്തിലൂടെ) നഷ്ടം വരുത്തുന്നു!
- രാമൻ ചെയ്തതുപോലെ എല്ലാവരുടേയും ഉപദേശങ്ങൾ കേൾക്കണം. തീരുമാനം സ്വയം തന്നെയെടുക്കണം.
- ലക്ഷ്മണൻ ചെയ്തതുപോലെ ഏതു ദുഃഖത്തിലും സന്തോഷത്തിലും ജ്യേഷ്ഠാനുജന്മാർ സഹകരിക്കണം.
- എല്ലാ സുഖദുഃഖങ്ങളും സീതാ-രാമൻമാരെപ്പോലെ, ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചനുഭവിക്കണം.
- തനിക്കർഹതപ്പെടാത്തത് വേണ്ടെന്നുവെക്കാനുള്ള മനസ് ഭരതൻ പ്രദർശിപ്പിച്ചതുപോലെ നമ്മുക്കുമുണ്ടാകണം.
- സുഖദുഃഖങ്ങൾ ജ്യേഷ്ഠാനുജന്മാർ കുടുംബാംഗങ്ങളും ഒരുമിച്ചു പങ്കുവെക്കണം.
- 14 വർഷത്തെ വനവാസം പോലും ദൃഢനിശ്ചയത്തോടേ ഏറ്റെടുത്ത സീതാ-രാമ-ലക്ഷ്മണന്മാരുംപോലെ ഏതു ദുർഘടമായ ഉത്തരവാദിത്വവും ഏറ്റെടുക്കണം.
- വസിഷ്ഠൻ ചെയ്തതുപോലെ അദ്ധ്യാപകർ എല്ലാ നന്മതിന്മകളേയും കുറിച്ച് ശിഷ്യന്മാർക്ക് ഉപദേശിച്ചുകൊടുക്കണം.
- മക്കളേറ്റെടുക്കുന്ന ഉത്തരവാദിത്വം എത്ര സങ്കീർണമാണെങ്കിലും സുമിത്ര ചെയ്തതുപോലെ പ്രോത്സാഹിപ്പിച്ചനുഗ്രഹിക്കണം.
- ആവശ്യമില്ലാത്തതും അപകടകരമായതുമായ പലതും വേണമെന്ന് സീതാദേവി ശാഠ്യം പിടിച്ചതുപോലെ വാശിപിടിക്കരുത്.
- എല്ലാവർക്കും ലക്ഷ്ണരേഖയുണ്ട്, അതു കടന്നാൽ സീതാദേവിക്കു സംഭവിച്ചതു അവർക്കും സംഭവിക്കുമെന്നോർമ്മിക്കണം.
- ജ്യേഷ്ഠാനുജന്മാർ തമ്മിൽ കലഹിച്ചാൽ ബാലിക്കു സംഭവിച്ചതു അവർക്കും സംഭവിക്കുമെന്നോർക്കണം.



Scanned with CamScanner

- ഏതു പാവപ്പെട്ടവനും ദൃഢനിശ്ചയത്തോടെ പ്രവർത്തിച്ചാൽ ശബരിയെപ്പോലെ ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുമെന്നറിയണം.
- ജീവൻ ത്യജിച്ചും താൻ ഏറ്റെടുത്ത യജ്ഞം നിറവേറ്റാൻ ശ്രമിക്കണമെന്ന് ജഡായുവിന്റെ ജീവൻമരണ പോരാട്ടത്തിൽ നിന്നറിയണം.
- എത്ര വലിയ പണ്ഡിതനാണെങ്കിലും, ചിലപ്പോൾ സ്വാർത്ഥതയും, അധർമ്മവും, അത്യാഗ്രഹവും അയാളെയും കീഴ്പ്പെടുത്തുമെന്ന് രാവണന്റെ ജീവിതത്തിൽ നിന്നറിയണം.
- തെറ്റു ചെയ്ത ജ്യേഷ്ഠന്റെ കൂടെ അനുജൻ നിന്നാൽ ജ്യേഷ്ഠനു സംഭവിക്കുന്നതുപോലെ അനുജനും സംഭവിക്കുമെന്ന് കുംഭകർണന്റെ ജീവിതത്തിൽ നിന്നറിയണം.
- തെറ്റു ചെയ്തവർ എത്ര പ്രിയപ്പെട്ടവരായും അവനെ തിരുത്താൻ ശ്രമിക്കണം. എത്ര ശ്രമിച്ചിട്ടും തെറ്റുതിരുത്താൻ തയ്യാറാല്ലാത്തവരിൽ നിന്ന് അകന്നു നിൽക്കണമെന്ന് വിഭീഷണനിൽ നിന്നു പഠിക്കണം.
- സ്വയം ചെയ്യേണ്ടതായ കർമ്മങ്ങൾ (എത്ര വലിയവനാണെങ്കിലും) സ്വയം തന്നെ ചെയ്യണമെന്ന് ശ്രീരാമനിൽ നിന്നു പഠിക്കണം.
- ഏറ്റെടുത്ത ദൗത്യം പൂർത്തീകരിക്കാൻ എല്ലാവിഭാഗത്തിൽപ്പെട്ടവരുടേയും സഹായം ഏറ്റെടുക്കണമെന്ന് ശ്രീരാമനിൽ നിന്നു പഠിക്കണം.
- കഴിവുള്ളവരെ, ആ കഴിവുകൾ കണ്ടു തിരിച്ചറിഞ്ഞ് ഉപയോഗിച്ചതിനാലാണ് കടലിൽ ശ്രീരാമസേതു നിർമ്മിക്കാൻ സാധിച്ചതെന്നു തിരിച്ചറിയണം.
- കഴിവില്ലാത്തവനെന്നു ധരിച്ച് മൂലക്ക് ഒതുങ്ങി കഴിയുന്നവരെ പോലും പ്രോത്സാഹിപ്പിച്ചു കർമ്മനിരതനാക്കിയതിനാലാണ് ഹനുമാന്റെ കഴിവ് ഉപയോഗിക്കാൻ സാധിച്ചത്.
- എല്ലാവരേയും നമ്മൾ തന്നെ ഉപദേശിക്കാൻ പോകരുത്. ജാംബവാനെപ്പോലെ കഴിവുള്ളവർ ഹനുമാനെ പ്രോത്സാഹിപ്പിച്ചതുപോലെ ഉപയോഗിക്കാൻ യോഗ്യതയുള്ളവരെയെല്ലാം ദൗത്യത്തിനുപയോഗിക്കണം.
- ഉയരാനും താഴാനും, വലിയവനാകുവാനും ചെറിയവനാകുവാനും ഹനുമാനെപ്പോലെ പഠിക്കണം.
- എത്രയെല്ലാം കഴിവുണ്ടെങ്കിലും ഒരു വലിയ കൂട്ടായ്മയിൽ എളിയവനായി തുടരണം.



Scanned with CamScanner

- ശത്രുവിനെപോലും ആദരിക്കാനും ബഹുമാനിക്കാനും ശ്രീരാമനെപോലെ പഠിക്കണം.
- ഭർത്താവിന്റെ ഏതു തെറ്റുകളും വ്യക്തമായ ഭാഷയിൽ ചൂണ്ടിക്കാണിക്കാൻ മണ്ഡോദരിയെപ്പോലെ പഠിക്കണം.
- ജ്യേഷ്ഠന്റെ തെറ്റുകൾ ചൂണ്ടികാണിക്കാൻ വിഭീഷണനെപോലെ സാധിക്കണം.
- അച്ഛൻ ചെയ്ത അധർമ്മത്തിന്റെ കൂടെ നിന്ന ശക്തിമാനായ ഇന്ദ്രജിത്തിന്റെ പാത പിന്തുടരരുത്.
- ഏതു ദുഷ്ടന്മാരുടെ കൂട്ടത്തിലും നല്ല മനസ്സുമായി തൃജഡയെപോലെയുള്ളവരുമുണ്ടാകുമെന്നറിയണം.
- പ്രലോഭനങ്ങൾക്കു വശം വദരാകരുതെന്നു സീതാദേവിയുടെ അനുഭവത്തിൽ നിന്നു പഠിക്കണം.
- വിജയം ആഘോഷിക്കുമ്പോഴും സമചിത്തത കൈവെടിയരുതെന്ന് രാമരാവണയുദ്ധത്തിൽ ശ്രീരാമ വിഭാഗത്തിന്റെ വിജയത്തിൽ നിന്നു പഠിക്കണം.
- വ്യക്തിബന്ധങ്ങൾപോലും രാഷ്ട്ര ദൗത്യത്തിന്റേയും രാഷ്ട്രനന്മയുടേയും മുന്നിൽ ചെറുതാണെന്ന് രാമനിൽ നിന്നു പഠിക്കണം.
- പൊതുജനാഭിപ്രായത്തെ എന്നും മാനിക്കേണ്ടവരാണ് ഭരണകർത്താക്കളെന്ന് രാമനിൽ നിന്നു പഠിക്കണം.
- ജീവിതത്തിൽ ഓരോരുത്തർക്കുമുള്ള ധർമ്മവും ഉത്തരവാദിത്വവും നിറവേറ്റുന്നത്, വ്യക്തിബന്ധങ്ങളിൽപ്പെട്ട് തടസ്സപ്പെടരുത് എന്ന് ശ്രീരാമന്റെ രാജ്യഭാര സ്വീകരണത്തിൽ നിന്നറിയണം.
- തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വം ഭംഗിയായി നിർവഹിച്ച് ഏൽപ്പിക്കേണ്ട സമയത്ത് ഏൽപ്പിക്കേണ്ടവരെ അതേൽപ്പിക്കണമെന്ന് ഭരതനിൽനിന്നു പഠിക്കണം.
- ഈ ഭൂമിയിൽ വന്ന നമ്മൾ ശാശ്വതരല്ലെന്നു ഓരോരുത്തർക്കും ചെയ്തു തീർക്കാനുള്ള ദൗത്യം കഴിഞ്ഞാൽ നാമെല്ലാം തിരിച്ചു പോകേണ്ടവരാണെന്നും സ്മരണയിലുണ്ടാകണം.
- കാട്ടാളനായി ജനിച്ചവനു മഹർഷിയായിട്ടുയരാമെന്നും, അത്യുജ്ജ്വലമായ ആദികാവ്യമെഴുതാമെന്നും, ശോകത്തെയാണ് 24000 ശ്ലോകമാക്കി മാറ്റിയതെന്നും അറിയണം.
- ഇന്നു വാത്മീകിയില്ലാ, രാമനില്ല, ലക്ഷ്മണനില്ല, ഭരതനില്ല... രാമായണമുണ്ട്. അതാണ് രാമായണ മഹത്വമെന്നും അറിയണം.



Scanned with CamScanner

- രാമായണത്തിലെ ഓരോ ചരിത്രപുരുഷന്മാരുടേയും ജീവിതാനുഭവങ്ങളിൽ നിന്നും നാം പഠിക്കണം. അവരിലോരോരുത്തരേയും പോലെ ജീവിച്ചാൽ അവരുടേയനുഭവം നമുക്കുണ്ടാകുമെന്നുമറിയണം. അവർ കാണിച്ച ജീവിതപന്ഥാവുപോലെ, നൽകിയ ഉപദേശങ്ങളായ ഭരതോപദേശം, ലക്ഷ്മണോപദേശം... ഇവയും നമുക്കു പ്രയോജനപ്പെടുത്താം.

## മഹാഭാരതത്തിൽ നിന്നു പഠിക്കേണ്ട പാഠങ്ങൾ

- ജ്യേഷ്ഠാനുജ കുടുംബങ്ങൾ തമ്മിലുള്ള അപസ്വരങ്ങൾ അപ്പോളപ്പോൾ തന്നെ ഇല്ലാതാക്കേണ്ടിയിരുന്നു.
- അന്ധനായ രാജാവിന്റെ മക്കൾക്കും അർഹമായത് നൽകേണ്ടിയിരുന്നു.
- അന്ധനായ ഭർത്താവിന്റെ കുറവ് അന്ധയല്ലാത്ത ഭാര്യാപരിഹരിക്കേണ്ടയിരുന്നതിന്. അതിനുപകരം ഗാന്ധാരിയും കണ്ണുകെട്ടി നടന്നപ്പോൾ മക്കളിൽ ദുർഗുണങ്ങൾ വളർന്നു
- ഭർത്താവില്ലാത്ത കുറവ് പരിഹരിച്ച് കുന്തി, മക്കളിൽ സത്ഗുണങ്ങൾ വളർത്തിയപ്പോൾ അവർക്ക് നന്മ ലഭിച്ചു.
- ഗാന്ധാരി മാതാവ് കണ്ണുകെട്ടി നടന്നപ്പോൾ മക്കളിൽ ദുർഗുണങ്ങൾ വളരുന്നത് നിയന്ത്രിക്കാനാരുമില്ലാതെ പോയി.
- ധൃതരാഷ്ട്രമക്കളിൽ തിന്മകൾ വളരാൻ ശകുനിയമ്മാവൻ കൂടെ നിന്നത് ആരും ശ്രദ്ധിക്കാതെ പോയി.
- വിദുരനും, ഭീഷ്മരും, ദ്രോണരും, കൗരവരിൽ അധർമ്മവും അനീതിയും അന്യായവും വളരുന്നത് കണ്ടിട്ടും ഒന്നും ചെയ്യാതിരുന്നതിനാൽ കൗരവർ തിന്മയുടെ ഭാവമായി.
- 13 വർഷം കാട്ടിൽ കഴിയേണ്ടവന്നിട്ടും കുന്തീമാതാവ് പാണ്ഡവരിൽ കൗരവർക്കെതിരെ വാശിയും പകയും വളരാനനുവദിച്ചില്ല.
- ധർമ്മബോധമുള്ളവൻ ചൂതുകളിയും, വ്യഭിചാരവും, മദ്യപാനവും പൂർണമായും ഒഴിവാക്കുന്നതിനുപകരം ധർമ്മപുത്രർ ചൂതുകളിച്ചു. പരിണതഫലം 13 വർഷം വനവാസ വേദനയനുഭവിച്ചു.
- സർവതിനേയും പണയം വെച്ച് ധർമ്മപുത്രർ ചൂതുകളിച്ചപ്പോഴും അനുജന്മാരതിനെയെതിർത്തില്ല. അതിന്റെ വേദനയവരും അനുഭവിക്കേണ്ടിവന്നു.
- ദ്രൗപദി, ഒരു ഭാരതീയ സ്ത്രീയുടെ ശക്തിതെളിയിച്ച് സ്ത്രീകൾക്ക് ഭാരതത്തിലുള്ള സ്ഥാനം ശക്തമായി അംഗീകരിപ്പിച്ചു.

- ശക്തമായ ദ്രൗപദി തന്നെ, സ്വയം പണയപ്പെട്ട പാണ്ഡവരെ മോചിപ്പിച്ച് സ്ത്രീ ശക്തി തെളിയിച്ചു.
- സ്ത്രീ, ഒരു സഭയിൽ അവഹേളിതയായപ്പോഴും ശ്രേഷ്ഠരായ ഭീഷ്മരും, ദ്രോണരും ധർമ്മബോധം പ്രകടിപ്പിച്ചില്ല.
- ധൃതരാഷ്ട്രരുടെ സ്വാർത്ഥത ഒരു യുദ്ധത്തിലേക്ക് ഒരു സമൂഹത്തേയും രാഷ്ട്രത്തേയുമെത്തിച്ചു.
- തിന്മയുടെ പ്രതിരൂപമായി മാറിയ കൗരവരെ യുദ്ധത്തിൽ സഹായിക്കാൻ 11 അക്ഷൗഹിണി പടയും അനവധി രാജാക്കന്മാരുമുണ്ടായിരുന്നു. അതാണ് ലോക വീക്ഷണം. ലോകം ശക്തരുടെ കൂടെയാണ് നിൽക്കുക.
- നന്മയുടെതായ പാണ്ഡവപക്ഷത്ത് 7 അക്ഷൗഹിണി പടയും കുറച്ചു ശ്രേഷ്ഠരുമേ ഉണ്ടായിരുന്നുള്ളൂ. ഇതാണ് എപ്പോഴും സംഭവിക്കാറുള്ളൂ. നന്മയുടെ പക്ഷത്ത് ആൾക്കാർ കുറയും.
- ഭാരതത്തിൽ Survival of the fittest അല്ല സംഭവിക്കാറുള്ളത്. Survival of the noblest ആണ്. നന്മയേ വിജയിക്കൂ. അതുകൊണ്ടു നിങ്ങളും നന്മയുടെ പക്ഷത്തു നിൽക്കുക.
- നന്മ നിലനിർത്താനും വളർത്താനും ശ്രമിക്കുമ്പോൾ കുറേ നഷ്ടം നന്മയുടെ ഭാഗത്തുമുണ്ടാകുമെന്നോർമ്മിക്കുക.
- സ്ത്രീശക്തിയാണ് ഒരു സമൂഹത്തെ ചൈതന്യവത്താക്കുന്നത് അതുകൊണ്ട് ഒരു കുടുംബത്തിലും സമൂഹത്തിലും ദ്രൗപദിയും, കുന്തിയും, സീതയും, ഉണ്ടാകണം. ഗാന്ധാരിമാരും, മന്ഥരമാരും, കൈകേയിമാരും കുറയണം.
- ഈശ്വരാനുഗ്രഹം എന്നും നന്മയുടെ പക്ഷത്തായിരിക്കുമെന്ന് പാണ്ഡവ വിജയത്തിൽ നിന്നറിയണം.
- ജീവിതത്തിൽ എന്നും പ്രശ്നങ്ങൾ ഉണ്ടാകണം, എങ്കിൽ മാത്രമേ നാം പരിഹാരമാർഗങ്ങൾ അന്വേഷിക്കുകയും നിരന്തരം ജാഗരൂകരായി ഇരിക്കുകയുമുള്ളൂ.
- ധർമ്മമെന്താണെന്നറിഞ്ഞിട്ടും അധർമ്മത്തിന്റെ പക്ഷത്തു നിന്നാൽ ഭീഷ്മരെപ്പോലെ ശരശയ്യയിൽ കിടക്കേണ്ടിവരുമെന്നോർക്കണം.
- അധർമ്മത്തിന്റെ പക്ഷത്തു നിൽക്കുകയും അവനവനാവശ്യം വരുമ്പോൾ ധർമ്മം ഉദ്ധരിക്കുകയും ചെയ്യുമ്പോൾ ധർമ്മം നമ്മെ സംരക്ഷിക്കുകയില്ലെന്ന് കർണ്ണനു സംഭവിച്ചതിൽ നിന്നറിയണം.



Scanned with CamScanner

- എത്ര ബ്രാഹ്മണ്യതേജസ്സുള്ളവനായാലും അധർമ്മത്തിനുവേണ്ടി പോരാടിയ വ്യക്തിക്ക് ദ്രോണരുടെ ഗതിയായിരിക്കും വരുക എന്ന താണ് സത്യം.
- എല്ലാ മനുഷ്യരുടേയും കുറവുകൾ ചൂണ്ടിക്കാണിക്കാൻ ചാർവാ കന്മാർ സമൂഹത്തിലുണ്ടാകും. എത്ര വലിയവനായാലും വിമർശ കരുണ്ടാകും. നമ്മുടെ തെറ്റുകൾ തിരുത്താൻ ഇവരെ പ്രയോജന പ്പെടുത്തണം.
- ഓരോ മനുഷ്യനും കുറവുകളുണ്ടാകും. ഇത് ധർമ്മ പുത്രർ അനു ജന്മാരോട് പറയുന്നതിൽ നിന്ന് അറിയണം. നമുക്കുമുണ്ട് അന വധി കുറവുകൾ.
- ജീവിതമാകുന്ന നാടകത്തിന് ആരംഭമുണ്ടെങ്കിൽ അതിനവസാന വുമുണ്ട്. ജീവിത ഡ്രാമ, ധർമ്മബോധത്തോടെ അഭിനയിക്കണം.
- ഇന്ന് പാണ്ഡവരില്ല, കൗരവരില്ല, വിദുരനില്ല, ഭീഷ്മരില്ല... മഹാ ഭാരതമുണ്ട്. അവർ ചെയ്ത നന്മതിന്മകൾ നമ്മെ അറിയിക്കുന്ന മഹാഭാരതമിന്നുമുണ്ട്.
- നന്മ ചെയ്തവന് എന്തെല്ലാം സംഭവിച്ചു. തിന്മ ചെയ്തവന് എന്തെല്ലാം സംഭവിച്ചു എന്നറിയിക്കുന്ന മഹാഭാരത ഗ്രന്ഥം, അവ രുടെ അനുഭവങ്ങളിലൂടെ നമുക്കു വഴികാണിച്ചുതരുന്നു.
- ഭഗവദ്ഗീതയും, ഭീഷ്മോപദേശവും, വിദുരോപദേശവും പോലെയുള്ള ഉപദേശങ്ങൾ ആധുനീക മാനേജ്മെന്റിനുപോലും പ്രയോഗിക്കുവാനുള്ളതാണ്. അവയെല്ലാം ജീവിതസന്ദേശങ്ങ ളാണ്.
- മഹാഭാരതത്തിൽ സന്ദേശങ്ങളുണ്ട്. അവയെല്ലാം മഹാഭാരതച രിത്ര പുരുഷന്മാർ നൽകുന്നു. ഈ സന്ദേശങ്ങൾ നമ്മുടെ മനസ്സി ലുറപ്പിക്കാനായി അവർ പറയുന്ന ആയിരക്കണക്കിന് കഥകളുമുണ്ട്.
- അതിനാൽ പാണ്ഡവ- കൗരവരുടെ പക്ഷത്തുനിൽക്കുന്ന ഓരോരുത്തർക്കും സംഭവിച്ചതെന്തെന്ന്, അവരുടെ ജീവിതാനുഭ വങ്ങളിലൂടെയും അവർ നൽകുന്ന സന്ദേശങ്ങളിലൂടെയും (ഉപ ദേശങ്ങൾ) അവർ പറയുന്ന കഥകളിലൂടെയും മനസ്സിലാക്കണം. ഇതു എല്ലാ നിലവാരത്തിലുള്ള വ്യക്തികൾക്കും പ്രയോജനപ്പെ ടുന്ന വിധത്തിലാണ് രചിച്ചിരിക്കുന്നത്.
- രാമായണത്തിൽ ജീവിതാനുഭവങ്ങളും, സന്ദേശങ്ങളും നൽകു മ്പോൾ മഹാഭാരതത്തിൽ ജീവിതാനുഭവങ്ങളും സന്ദേശങ്ങളും കഥകളുമുണ്ട്.



Scanned with CamScanner

- ഈ ഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള അന്ധവിശ്വാസങ്ങളും നമ്മിലുണ്ടാകരുത്.
- കഴിയുന്നത്രയും വായിച്ച് പഠിച്ച് നമ്മുടെ ജീവിതത്തിൽ നന്മകളുണ്ടാകാനും തിന്മകളില്ലാതാക്കാനും ശ്രമിക്കണം.
- മേൽവിവരിച്ചതിന്റെ അടിസ്ഥാനത്തിൽ രാമായണവും മഹാഭാരതവും വിലയിരുത്തി മറ്റുള്ളവർക്ക് വിവരിച്ചു പറഞ്ഞു കൊടുക്കണം.

## പുരാണങ്ങളിൽ നിന്ന് നാം പഠിക്കേണ്ടതെന്തെല്ലാം

- മഹാഭാരതം പോലെയാണ് പുരാണങ്ങളും. മഹാഭാരതത്തിൽ ചരിത്രഭാഗങ്ങളനവധിയാണ്. പുരാണങ്ങളാകട്ടെ കഥകൾക്ക് പ്രാധാന്യം നൽകുന്നു.
- ചരിത്രാംശം പോലും പുരാണങ്ങളിൽ കഥകളായി പറയുന്നു. മഹാഭാരതത്തിലേയും രാമയണത്തിലേയും സംക്ഷിപ്തം പല പുരാണങ്ങളിലുമുണ്ട്.
- പുരാണങ്ങൾതന്നെ പുരാണകഥകളെന്നാണ് പറയാറുള്ളത്. പുരാണങ്ങളുടെ ലക്ഷ്യം കഥകളിലൂടെ സന്ദേശങ്ങളെത്തിക്കലാണ്. രാമായണത്തിൽ ജീവിതാനുഭവങ്ങളിലൂടെയും നേരിട്ടും സന്ദേശങ്ങൾ വായനക്കാരിൽ / ശ്രോതാക്കളിലെത്തിക്കുന്നു. മഹാഭാരതത്തിൽ ജീവിതാനുഭവങ്ങളിലൂടെയും, നേരിട്ടുള്ള സന്ദേശങ്ങളും, പിന്നെ കഥകളിലൂടേയും സന്ദേശങ്ങളെത്തിക്കുന്നു.
- 18 പുരാണങ്ങളിലും 18 ഉപപുരാണങ്ങളിലും ജീവിച്ചിരുന്നവരുടേയും സാങ്കൽപിക ലോകത്തുള്ളവരുടേയും കഥകൾ അതിശയോക്തി കലർത്തിയും അല്ലാതെയും പറയുന്നുണ്ട്. അവർക്കെല്ലാം കഥകളുടെ സ്ഥാനമാണുള്ളത്.
- ഒരേ കഥ പല പ്രകാരത്തിൽ പറയുന്നുണ്ടാകും. ഭക്തിക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് കഥകളെല്ലാം വിവരിക്കാറുള്ളത്.
- പുരാണങ്ങളിലെ ചരിത്രാംശം യു.ജി.സി യും എടുത്തിട്ടുണ്ടെങ്കിലും പുരാണങ്ങളെ പൂർണ്ണമായും ചരിത്രമാക്കി വിവരിക്കരുത്.
- എത്ര ജ്ഞാനിയാണെങ്കിലും ദുർവാസാവിന്റെ ദേഷ്യമാണ് അദ്ദേഹത്തെ അംബരീഷനെന്ന രാജാവിന്റെ മുന്നിൽ തകർത്തത് എന്ന കഥയിൽ നിന്ന് ദേഷ്യം മനുഷ്യനുണ്ടാക്കുന്ന വിന മനസ്സിലാക്കണം.



Scanned with CamScanner

- താൻ മരണത്തെ അതിജീവിക്കാൻ കഴിവുള്ളവനാണെന്ന ധാരണ ആർക്കുമുണ്ടാകരുതെന്ന് ഹിരണ്യകശിപുവിന്റെ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു.
- എന്തെല്ലാം പ്രതിസന്ധിയുണ്ടായാലും തന്റെ നന്മ നിറഞ്ഞ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന പ്രഹ്ളാദനിൽ നിന്ന് നാം ധാരാളം പഠിക്കണം.
- സുനീതിയുടെ ഉപദേശം, മകനായ ധ്രുവനിൽ വരുത്തിയ മാറ്റം മക്കളെ പഠിപ്പിക്കണം.
- പ്രാർത്ഥനയുടെ ഫലം ഗജേന്ദ്ര മോക്ഷകഥയിലൂടെ പഠിപ്പിക്കണം.
- പണ്ഡിതനായ മനുഷ്യനു സംഭവിക്കുന്ന ഗതികേട് അജാമിളനിൽ നിന്ന് പഠിക്കണം.
- ശ്രീകൃഷ്ണൻ എന്ന അമാനുഷീക വ്യക്തിത്വത്തിന്റെ മഹത്വം... ഈ പുരാണങ്ങളിലുണ്ട്.
- പുരാണങ്ങളിലും സന്ദേശങ്ങൾ മാത്രമായി നൽകുന്നുണ്ട്. ശ്രീകൃഷ്ണൻ ഉദ്ധവർക്കു നൽകുന്ന ഉപദേശം (സന്ദേശം), നരസിംഹമൂർത്തി പ്രഹ്ളാദനു നൽകുന്ന ഉപദേശം, കപിലമഹർഷി അമ്മയായ ദേവഹൂതിക്കു നൽകുന്ന ഉപദേശം, ഇവയെല്ലാം പുരാണങ്ങളിലെ സന്ദേശങ്ങളാണ്.
- ദശാവതാര കഥകളിലെല്ലാത്തിന്റെയും ചരിത്രം രചിക്കാനാരംഭിക്കരുത്. പുരാണ വിവരണത്തിന്റെ അടിസ്ഥാനത്തിൽ വാദിക്കാനും ജയിക്കാനും ശ്രമിക്കരുത്. കഥകളെ കഥകളായി തന്നെയെടുക്കണം. അവയിൽ നിന്ന് സന്ദേശങ്ങളെടുക്കണം.
- ബുദ്ധിയും യുക്തിയും ശാസ്ത്രവുമുപയോഗിച്ച് കഥകളെ ശാസ്ത്രവൽക്കരിക്കാനോ ചരിത്രവൽക്കരിക്കാനോ ശ്രമിക്കരുത്. കഥകൾക്ക് കഥകളുടെ സ്ഥാനം നൽകി അതിൽ പ്രത്യക്ഷമായും പരോക്ഷമായും നൽകിയിരിക്കുന്ന സന്ദേശങ്ങളെടുക്കണം.
- പുരാണങ്ങൾ രചിച്ച കാലം വ്യത്യസ്ഥമാണ്. കാലഗണനസാധ്യമല്ല. രാമായണവും മഹാഭാരതവും രചിച്ചകാലവും വ്യക്തമായി പറയാനാകില്ല.
- ഇതിഹാസങ്ങളിലും പുരാണങ്ങളിലും കാലക്രമത്തിൽ കുറേയേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പല വ്യക്തികൾ ഇന്നും അവയെ പല രീതിയിൽ വ്യാഖ്യാനിക്കുന്നുണ്ട്. അവർക്കതിനുള്ള സ്വാതന്ത്ര്യവുമുണ്ട്.



Scanned with CamScanner

- നമുക്ക് പുരാണങ്ങളിൽ നിന്നും, മഹാഭാരതത്തിൽ നിന്നും, രാമായണത്തിൽ നിന്നും എടുക്കേണ്ടത് സന്ദേശങ്ങളും ജീവിതാനുഭവങ്ങളും കഥകളുമാണ്.
- ഈ മൂന്നും അന്ത്യത്തിൽ സന്ദേശങ്ങളായിത്തീരുന്നു. എന്റെ സത്യന്വേഷണപരീക്ഷണങ്ങൾ എന്ന ഗാന്ധിജിയുടെ ജീവിതാനുഭവങ്ങൾ തന്നെയാണ് ഗാന്ധിജിക്ക് ലോകത്തിനു നൽകാനുള്ള സന്ദേശവും. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന തത്വം തന്നെ.
- രാമന്റെ-ലക്ഷ്ണന്റെ-ഭരതന്റെ-ദശരഥന്റെ-രാവണന്റെ-വിഭീഷണന്റെ-ബാലിയുടെ-സുഗ്രീവന്റെ-കുംഭകർണന്റെ സീതയുടെ.... ജീവിതം തന്നെ അവർ ലോകത്തിനു നൽകുന്ന സന്ദേശമാണ്.
- ധൃതരാഷ്ട്രരുടെ, വിദുരന്റെ, ഭീഷ്മരുടെ, കർണ്ണന്റെ, ധർമ്മപുത്രന്റെ, അർജ്ജുനന്റെ, ഗാന്ധാരിയുടെ, കുന്തിയുടെ, ദ്രൗപദിയുടെ,... ജീവിതം തന്നെ അവർ ലോകത്തിനു നൽകുന്ന സന്ദേശമാണ്.
- വിവേകാനന്ദൻ നൽകുന്ന സന്ദേശങ്ങൾ പോലെ ശ്രീകൃഷ്ണൻ, വിദുരൻ, ഭീഷ്മർ, വസിഷ്ഠൻ, ശ്രീരാമൻ, മണ്ഡോദരി... ഇവരും നൽകുന്ന സന്ദേശങ്ങളുണ്ട്.
- ഇവർക്കെല്ലാമുള്ള ലക്ഷ്യം മനുഷ്യ മനസ്സുകളിൽ തിന്മകളുടെ അളവു കുറച്ച് നന്മകൾ വർദ്ധിപ്പിക്കുക. മനസ്സ് നന്നായാൽ ചിന്തകൾ നന്നാകും, അതിലൂടെ കർമ്മങ്ങൾ നന്മയിലേക്ക് പ്രയാണം ചെയ്യും, കർമ്മഫലവും നന്മ നിറഞ്ഞതാകും. കർമ്മപ്രതിഫലവും ഉജ്ജ്വലമാകും.
- അതായത് നല്ല മനസ് (സന്മനസ്) - നല്ല ചിന്തകൾ (സത്ചിന്തകൾ) നല്ല കർമ്മങ്ങൾ (സത്കർമ്മങ്ങൾ) നല്ല കർമ്മഫലങ്ങൾ (സത്കർമ്മഫലങ്ങൾ) നല്ല കർമ്മ പ്രതിഫലങ്ങൾ (സത്കർമ്മ പ്രതിഫലങ്ങൾ) ലഭ്യമാകും.
- സത്കർമ്മത്തെ പുണ്യകർമ്മമെന്നു പറയുന്നു. സത്കർമ്മഫലത്തെ പുണ്യമെന്നും പറയുന്നു. സത്കർമ്മ പ്രതിഫലത്തെ സ്വർഗമെന്നും പറയുന്നു.
- അതുപോലെ ദുർമനസ്, ദുഷ്ചിന്തകൾ, ദുഷ്കർമ്മങ്ങൾ (പാപകർമ്മങ്ങൾ), ദുഷ്കർമ്മ ഫലം (പാപം) ദുഷ്കർമ്മ പ്രതിഫലം (നരകം)



Scanned with CamScanner

- അതുകൊണ്ട് മനസ് നന്മയിലേക്ക് നയിച്ചാലും ഇല്ലെങ്കിലും 'നമുക്കു നാമേ പണിവതുനാകം നരകവുമതുപോലെ" എന്നതു സത്യമായിത്തീരുന്നു.
- താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ. കാരണം ഓരോ കർമ്മത്തിനും അതിന്റേതായ ഫലവും പ്രതിഫലവുമുണ്ട്.
- പുരാണ-ഇതിഹാസങ്ങളിലെ കഥാപാത്രവും ചരിത്രപുരുഷനും ചെയ്തതും ചെയ്യാതിരുന്നതും ആയ കർമ്മങ്ങൾ അതാതു വ്യക്തിയെ എപ്രകാരം പിന്തുടരുന്നു എന്നു പഠിക്കുക.
- ദശരഥൻ ധർമ്മശാസ്ത്രം ലംഘിച്ച് വേട്ടയാടിയതുകൊണ്ട് പുത്രദുഃഖത്താൽ മരിക്കുമെന്ന ശാപം അനുഭവിക്കേണ്ടിവന്നു.
- ആവശ്യമില്ലാതെ രണ്ടു വരം കൈകേയിക്ക് വാഗ്ദാനം ചെയ്തതിനാൽ അതിൽ തന്നെ മരണം വരെ വേദനിക്കേണ്ടി വന്നു.
- കൂട്ടുകെട്ടു ശരിയല്ലാതിരുന്നതിനാൽ കൈകേയി സ്വാർത്ഥതക്ക് വിധേയയായി. പരിണതഫലം മൂന്നു ഭാര്യമാരും വിധവകളാകേണ്ടിവന്നു.
- കൈകേയിക്ക് സ്വന്തം പുത്രന്റേയും, പ്രജകളുടേയും, പണ്ഡിതരുടേയും മുന്നിൽ അപഹാസ്യയാകേണ്ടിവന്നു. ഭരതൻ ഭാരതത്തിലെന്നും ഓർമ്മിക്കുന്നവനായി.
- രാവണനും, കുംഭകർണനും, ഇന്ദ്രജിത്തിനും അവരോടൊപ്പം നിന്നവർക്കുമെല്ലാം സർവനാശം സംഭവിച്ചു. വിഭീഷണന് രാഷ്ട്രഭാരം ലഭിച്ചു.
- ബാലിമരിച്ചു, താരവിധവയായി, അംഗദന് അച്ഛൻ നഷ്ടപ്പെട്ടു. സുഗ്രീവൻ ഭരണാധികാരിയായി
- ഇനിയും ഓരോന്നും രാമായണത്തിൽ വിശകലനം ചെയ്യുക.
- ധർമ്മപുത്രർ ചെയ്ത തെറ്റിന് പാണ്ഡവർ 13 വർഷം വനവാസത്തിന് പോകേണ്ട വന്നു. ദ്രൗപദി അവഹേളിതയായി, പണ്ഡിതസദസ് കുറ്റബോധം കൊണ്ട് തല താഴ്ത്തി. ദ്രൗപദി പാണ്ഡവരെ സ്വയം പണയപ്പെടുത്തിയതിൽ നിന്ന് മോചിപ്പിച്ചു.. ഒടുവിൽ അതൊരു യുദ്ധത്തിന്റെ കാഹളമായി മാറി. അതിൽ ഒരു വിഭാഗം പൂർണമായും നശിച്ചു. മറ്റേവിഭാഗം വേദനയോടെ ജയിച്ചു. വീരശൂര പരാക്രമികൾ മിക്കവാറും ചത്തൊടുങ്ങി. ഒരു ദുര്യോധനന്റെ സ്വാർത്ഥത, ഒരു ധൃതരാഷ്ട്രരുടെ അന്ധത, ഒരമ്മ (ഗാന്ധാരി) കണ്ണുകെട്ടി നടത്തത്തിന്റെ പരിണതഫലം.



Scanned with CamScanner

- ബന്ധുക്കളും ഗുരുക്കന്മാരും ഇല്ലാത്ത രാഷ്ട്രത്തിന്റെ ഭരണഭാരം ഏറ്റെടുത്ത പാണ്ഡവർക്കും വേദനയോടെ രാജ്യം ഭരിക്കേണ്ടി വന്നു. അതേ സമയം രാഷ്ട്രം, അധർമ്മം, അനീതി, അന്യായത്തിൽ നിന്ന് മോചനം നേടി.

- അവരവർ ചെയ്ത ധർമ്മാധർമ്മത്തിനനുയോജ്യമായത് അവരവർക്ക് ലഭിച്ചു. അവരുടെ പ്രവൃത്തി വീണ്ടും വീണ്ടും വിശകലനം ചെയ്യുക. മഹാഭാരതം ഒരുപാഠമായിത്തീരും. ജീവിതം ധന്യമാക്കാൻ അതുപകരിക്കും.

- എപ്രകാരമാണോ രാമായണവും മഹാഭാരതവും വിശകലനം ചെയ്തത്, അപ്രകാരം തന്നെ പുരാണങ്ങളും വിശകലനം ചെയ്യുക.

- ബുദ്ധിക്കും യുക്തിക്കുമനുസരിച്ച് അവയിൽ നിന്ന് സന്ദേശങ്ങളെടുത്ത് പ്രചരിപ്പിക്കുക. ഈ ഗ്രന്ഥങ്ങൾ എന്നെഴുതി അതിലെ ചില വരികൾ അന്ധവിശ്വാസങ്ങളല്ലേ? അനാചാരങ്ങളല്ലേ? അശാസ്ത്രീയമല്ലേ? യുക്തിക്കു നിരക്കാത്തതല്ലേ? ഇക്കാലഘട്ടത്തിന് ചേരാത്തതല്ലേ? വിശ്വസിക്കാൻ പറ്റില്ലല്ലോ? ... എന്നൊക്കെ ചോദിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. അതിനെല്ലാം ഉത്തരം ലളിതമാണ്.

- ഇന്നത്തെ കാലഘട്ടത്തിന് യോജിച്ചതെല്ലാം ബുദ്ധിയും യുക്തിയും ശാസ്ത്രവുമുപയോഗിച്ച് വിശകലനം ചെയ്ത് വേണ്ടതു സ്വീകരിക്കുക. അല്ലാത്തതെല്ലാം തിരസ്കരിക്കുക. നമ്മുടെ പൂർവ്വീകരുടെ സംഭാവന സഹസ്രാബ്ദങ്ങളായി നിലനിന്നതാണ്. അതിനെ ആരെങ്കിലും വിമർശിച്ചതുകൊണ്ടോ എതിർത്തതുകൊണ്ടോ അതിന്റെ മഹത്വം ഇല്ലാതെയാകില്ല!

- മനസ്സിന്, ശരീരത്തിന്, കുടുംബത്തിന്, സമൂഹത്തിന്, രാഷ്ട്രത്തിന്, നന്മ വരുത്തുന്ന ചിന്താധാരകളായി ഇതിഹാസ പുരാണങ്ങൾ പഠിക്കാം.

- പുരാണേതിഹാസ കഥാപാത്രങ്ങളുടേയും ചരിത്രപുരുഷന്മാരുടേയും അനുഭവങ്ങൾ, സന്ദേശങ്ങൾ, സുഖ-ദുഃഖങ്ങൾ, യാതനകൾ, വികാര-വിചാരങ്ങൾ... ഇവയെല്ലാം നമ്മുടെ മനസ്സിന് ശാന്തി, സമാധാനം, ഭക്തി, ആത്മവിശ്വാസം, അഭിമാനം, ... വളർത്തുന്നതിനും അഹങ്കാരം, വാശി, പക, ദേഷ്യം, അസൂയ... എന്നിവയെല്ലാം കുറക്കുന്നതിനും സഹായിക്കും. മനസ്സിൽ നന്മവരുത്തുമെന്നർത്ഥം.



Scanned with CamScanner

- ഈ കഥാപാത്രങ്ങളുടേയും ചരിത്രപുരുഷന്മാരുടേയും ജീവിത ശൈലിയിൽ ശാരീരിക നന്മക്കുതകുന്ന സന്ദേശങ്ങൾ ഉണ്ട്. ഉദാഹരണത്തിന് ഭഗവദ്ഗീതയിലും യോഗവാസിഷ്ഠത്തിലും, ഭീഷ്മോപദേശത്തിലും, വിദുരോപദേശത്തിലുമെല്ലാം ശാരീരികനന്മക്കുതകുന്ന അനവധി സന്ദേശങ്ങളുണ്ട്. ഭക്ഷണക്രമം, ഔഷധം, യോഗാസനം, ധ്യാനം, സൂര്യനമസ്കാരം, സ്നാനം, ക്ഷേത്രദർശനം, വടവൃക്ഷപ്രദക്ഷിണം, തീർത്ഥയാത്ര, വസ്ത്രധാരണം, വ്രതം എന്നിവയിലെല്ലാം ശരീരത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട ശാസ്ത്രീയ വിവരണങ്ങളും നൽകിയിട്ടുണ്ട്.
- കുടുംബബന്ധം ദൃഢമാക്കാനുള്ള അനവധി ഉദാഹരണങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു രണ്ടിതിഹാസങ്ങളും. ഭാര്യാഭർതൃബന്ധം, സഹോദരബന്ധം, മാതൃ-പിതൃ പുത്രപുത്രീ ബന്ധം, മറ്റു കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം ഇങ്ങിനെ നോക്കുമ്പോൾ രാമായണം ഒരൊറ്റ കുടുംബത്തിന്റെ ചരിത്രവും, മഹാഭാരതം ജ്യേഷ്ഠാനുജന്മാരുടെ രണ്ടു കുടുംബത്തിന്റെ ചരിത്രവുമാണ്. അതിൽ കുടുംബബന്ധം വളരാനും തകരാതിരിക്കാനുമുള്ളതെല്ലാമുണ്ട്.
- ധർമ്മസംരക്ഷണത്തിനുള്ള അനവധി നിർദ്ദേശങ്ങളടങ്ങുന്ന രണ്ട് ഇതിഹാസങ്ങളിലും പുരാണങ്ങളിലും, പുത്രധർമ്മം, പത്നീധർമ്മം, മാതൃധർമ്മം, പിതൃധർമ്മം, രാജധർമ്മം, രാജഗുരുധർമ്മം, അമാത്യധർമ്മം, ആചാര്യധർമ്മം ഇവയെല്ലാം ധർമ്മ സംരക്ഷണ മഹത്വം വിളിച്ചോതുന്ന അനുഭവങ്ങളിലും, കഥകളിലും സന്ദേശങ്ങളിലും നൽകുന്നു.
- സമൂഹധർമ്മപഠനം ഈ ഗ്രന്ഥങ്ങളിലൂടെ സാധ്യമാണ്. വാനരസമൂഹം, രാക്ഷസസമൂഹം, അയോദ്ധ്യാവാസികൾ, ഋഷിസമൂഹം തുടങ്ങി അനവധി സമൂഹങ്ങൾ എങ്ങിനെ ജീവിക്കുന്നു അത് നന്മയിലേക്കു നയിക്കാൻ ഭരണാധികാരികളും സമൂഹത്തിലെ പണ്ഡിതരും ചിന്തകരും എന്തെല്ലാം ചെയ്യണമെന്നും ഈ ഗ്രന്ഥങ്ങളിൽ നിന്ന് നമുക്ക് പഠിക്കാനാകും.
- ഭാരതത്തെ ഐക്യത്തിന്റെ പന്ഥാവിലൂടെ നയിക്കുന്ന ശ്രേഷ്ഠങ്ങളായ ആചാരങ്ങലും ആഘോഷങ്ങളും ഈ പുരാണേതിഹാസങ്ങളുടെ സംഭാവനയാണ്. വിനായക ചതുർത്ഥി, രാമനവമി, ജന്മാഷ്ടമി, നവരാത്രി, ദസറ, വിഷു, തുളസി പൂജ, കുംഭമേള, മകരസംക്രാന്തി എന്നിവയെല്ലാം, പുരാണേതിഹാസ ഭാഗമാണ്.



Scanned with CamScanner

- കൈലാസ-മാനസസരോവർ-അമർനാഥ്-കേദാർനാഥ്-ബദരീനാഥ് തുടങ്ങി അനേകം പുണ്യക്ഷേത്രദർശനവും തീർത്ഥയാത്രയും പുരാണസംഭാവനയാണ്.
- എല്ലാവ്രതങ്ങളും, പൂജകളും അനുഷ്ഠാനങ്ങളും ഈ പുരാണേതിഹാസങ്ങളിൽ വരുന്നുണ്ട്.
- ഇവയെല്ലാം ഭാരതീയ സംസ്കൃതിയുടേയും ഭാരതമെന്ന രാഷ്ട്രത്തിന്റേയും നിലനിൽപ്പിന്റെ തന്നെ ചരിത്രഭാഗമാണ്.
- ഇതിഹാസങ്ങളിൽ നിറഞ്ഞിരിക്കുന്ന രണ്ട് ഈശ്വരീയ ചൈതന്യം, രാമായണത്തിലെ ശ്രീ രാമനും മഹാഭാരതത്തിലെ ശ്രീകൃഷ്ണനുമാണ്. അവർ രണ്ടുപേരും ചരിത്രത്തിന്റെ ഭാഗവുമാണ്.
- എന്നാൽ പുരാണങ്ങളിൽ നിറഞ്ഞിരിക്കുന്നത് ഈശ്വരസങ്കൽപങ്ങളാണ്. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ, ഗണപതി, സുബ്രഹ്മണ്യൻ, ലക്ഷ്മി, സരസ്വതി, പാർവതി.... എന്നിവരാണ്. ഇവർ ചരിത്രത്തിന്റെ ഭാഗമല്ല. സാങ്കൽപികരൂപങ്ങളാണ്.
- ഋഷീശ്വരന്മാർ വിദ്യയെ ധ്യാനിച്ച് അന്ത്യത്തിൽ അവരുടെ മനസിൽ ഉദയം ചെയ്ത രൂപമാണ് സരസ്വതീരൂപം. അതുപോലെ ജയലക്ഷ്മി-വിജയലക്ഷ്മി-ധാന്യലക്ഷ്മി-സേതുലക്ഷ്മി... എന്നീ പ്രകാരമെല്ലാമുള്ള ദേവതാരൂപങ്ങളും അഷ്ടലക്ഷ്മികളും, പാർവതീസങ്കൽപവുമെല്ലാം ഋഷിവര്യന്മാർ ധ്യാനത്തിലൂടെ എത്തിച്ചേർന്നതാണ്.
- ഇപ്രകാരമുള്ള സങ്കൽപരൂപങ്ങളിലെത്തിയതാണ് ത്രിമൂർത്തി സങ്കൽപവും അവരുമായി ബന്ധപ്പെട്ട വിവരണങ്ങളുമെല്ലാം സാങ്കൽപികസംഭവങ്ങൾ, സാങ്കൽപിക സംഭാഷണങ്ങൾ തന്നെയാണ്. മറ്റൊരർത്ഥത്തിൽ കഥാരൂപത്തിലുള്ള സന്ദേശവിവരണങ്ങൾ, എന്നർത്ഥം.
- ഹൈന്ദവഗ്രന്ഥങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ദർശനങ്ങൾ ആറെണ്ണമാണ്. പൂർവമീമാംസ, ഉത്തരമീമാംസ, യോഗം, വൈശേഷികം, ന്യായം, സാംഖ്യം. ഇവയിൽ സാംഖ്യം ഗഹനമായി ഭഗവദ് ഗീതയിൽ വിവരിക്കുന്നു. യോഗം അഷ്ടാംഗ യോഗമായി പ്രയോഗിക്കുന്നു. വളരെ സാധാരണക്കാരായവരിൽനിന്ന് അൽപം അകന്നു നിൽക്കുന്നു ദർശനങ്ങൾ. അതിനുള്ള കാരണം ഏറ്റവും ചുരുങ്ങിയ വാക്കുകളിലൂടെ ഏറ്റവും ഗഹനമായ സന്ദേശങ്ങൾ നൽകുന്നതാണ് ഈ ദർശനങ്ങൾ എന്നതാണ്.



Scanned with CamScanner

- ഇന്ന് സംസ്കൃതപഠനത്തിൽ ഗ്രാജ്വേഷനും പോസ്റ്റ് ഗ്രാജ്വേഷനും മീമാംസയിലും, ന്യായത്തിലുമുണ്ട്. യോഗ അനവധി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രയോഗിക്കുന്നു.
- ആറുദർശനങ്ങൾ പഠിപ്പിക്കുന്ന ഗവൺമെന്റ് അംഗീകൃത വിദ്യാലയങ്ങൾ അനവധിയുണ്ട്. അതുകൊണ്ട് തന്നെ അവയും സമകാലീന പ്രസക്തങ്ങളാണെന്നു വ്യക്തമാകുന്നുണ്ടല്ലോ.
- മനസ്, പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചപ്രാണൻ, പഞ്ചഭൂതം ഇവ ഇന്ന് ആധുനീക ശാസ്ത്രത്തിന്റെ ഭാഗമാണ്! അതാണ് വൈശേഷികം.
- യോഗയെക്കുറിച്ച് ലോകമെമ്പാടും ഗഹനമായ ഗവേഷണങ്ങൾ നടക്കുന്നത് ഇന്നു പ്രായോഗികജീവിതത്തിലയിക്കപ്പെടുന്നുണ്ട്.
- ന്യായം അഥവാ ലോജിക്കില്ലാത്ത ഒരു സയൻസ് ഗ്രന്ഥവുമില്ല. ഇന്ന് ഫിസിക്സിന്റെ ഭാഗമാണ് ഗൗതമന്റെ ന്യായശാസ്ത്രം എന്നു വ്യക്തമാകുന്ന വിധത്തിൽ ഫിസിക്സ് മുന്നോട്ടുപോകുന്നു.
- ആറു ദർശനങ്ങളും വ്യാഖ്യാനത്തോടെ മാത്രമേ സാധാരണക്കാർക്ക് മനസിലാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ആ വിഷയത്തിൽ പ്രാവീണ്യം നേടാനാഗ്രഹിക്കുന്നവർക്ക് അവ സനാതന ധർമ്മത്തിന്റെ വ്യക്തവും ഗഹനവുമായ പാത തെളിയിക്കുന്നു.

## ഭാരതീയ ആചാരങ്ങൾ

- ചില ആചാരങ്ങളും നമ്മൾ അറിയണമെന്നു സൂചിപ്പിച്ചു. അനാവശ്യമായ ആചാരങ്ങൾ അനാചാരങ്ങളായും ദൂഷ്യഫലങ്ങൾ ഉളവാക്കുന്നത് ദുരാചാരങ്ങളായും നന്മ നിറഞ്ഞ ഫലങ്ങൾ ഉളവാക്കുന്നത് സദാചാരങ്ങളേയും അറിയണം.
- സദാചാരങ്ങളെല്ലാം മനുഷ്യമനസ്, ശരീരം, കുടുംബം, സമൂഹം, രാഷ്ട്രം, ജീവജാലങ്ങൾ, പ്രകൃതി എന്നിവയുടെ ശാശ്വത നന്മക്കുതകുന്നതാണ്.

◆ **മനസ്സിനു നന്മവരുത്തുന്ന ആചാരങ്ങൾ :** അനുഗ്രഹിക്കുക, അഭിനന്ദിക്കുക, രാമായണ-ഗീത-ഭാരത-വേദ- ഉപനിഷദ്-സുഭാഷിത ........ സന്ദേശങ്ങൾ കേൾക്കുക, പഠിക്കുക. പ്രാർത്ഥന - ധ്യാനം - തത്ത്വശാസ്ത്ര ശ്രവണം എന്നിവ ചെയ്യുക. ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ മനസ്സിനെ സ്വാധീനിക്കുന്ന 20 ആചാരങ്ങൾ പഠിച്ച് പഠിപ്പിക്കുക.

◆ **ശരീരത്തിനു നന്മ വരുത്തുന്ന ആചാരങ്ങൾ :** സൂര്യനമസ്ക്കാരം, യോഗാസനം, ഏകാദശി ഉപവാസം, പ്രഭാതത്തിലുണർന്ന് കിടക്കയിലിരുന്നുള്ള പ്രാർത്ഥന - ഭൂസ്പർശനം - സ്നാനം - ഭക്ഷണത്തിനു മുമ്പുള്ള

പ്രാർത്ഥന - സസ്യാഹാരം - ജലപാന വ്രതം - ക്ഷേത്രദർശന യാത്ര - തീർത്ഥാടനം ഇവ നടത്തുന്നതുകൊണ്ടുള്ള ശാരീരികവും മാനസികവുമായ നന്മകൾ പഠിച്ച് പഠിപ്പിക്കുക. (20 എണ്ണം സ്വയം കണ്ടെത്തി പഠിക്കണം)

◆ **കുടുംബബന്ധം ദൃഢമാക്കുന്നതിനുള്ള ആചാരങ്ങൾ :** ജാതകർമ്മം-നാമകരണം-അന്നപ്രാശനം-വിവാഹം-ജന്മദിനാഘോഷം എന്നീ ഗാർഹിക കർമ്മങ്ങൾ, പിതൃകർമ്മം, ക്ഷേത്രദർശനം, തീർത്ഥാടനം ഇവ മനസ്സിനും, ശരീരത്തിനും, കുടുംബബന്ധം ദൃഢമാക്കാനുമായി എങ്ങനെ പ്രയോജനപ്പെടുന്നു എന്നറിഞ്ഞ്, അറിയിക്കുക (20 എണ്ണം സ്വയം വിശകലനം ചെയ്യുക)

◆ **സമൂഹബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ :** സമൂഹാഘോഷങ്ങൾ, സമൂഹ ക്ഷേത്രാനുഷ്ഠാനങ്ങൾ, സമൂഹ തീർത്ഥാടനം, വിവാഹാഘോഷം, മരണവും മരണാനന്തര ചടങ്ങുകളും.... ധാർമ്മിക മൂല്യങ്ങളുമായി ബന്ധപ്പെട്ട അചാരാനുഷ്ഠാനങ്ങൾ ഇവ ശരീരത്തിന്, മനസ്സിന്, കുടുംബത്തിന്, സമൂഹത്തിന് ശാശ്വതമായ നന്മവരുത്തുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക. (20 എണ്ണം സ്വയം പഠിക്കുക)

◆ **രാഷ്ട്രനന്മയ്ക്കുതകുന്ന ആചാരങ്ങൾ :** തീർത്ഥാടനം, പുണ്യക്ഷേത്രദർശനം, പുണ്യനദികൾ - ദേവാലയങ്ങൾ - എന്നിവയ്ക്കുപുറമേ ഇതിഹാസ പുരുഷന്മാർ - ഋഷിവര്യന്മാർ..... എന്നിവരുമായി ബന്ധപ്പെട്ട പഠനവും അനുഷ്ഠാനങ്ങളും, മനസ്സിന്, ശരീരത്തിന്, കുടുംബ ബന്ധത്തിന്, സാമൂഹിക ബന്ധത്തിന് രാഷ്ട്രത്തിന്റെ ഐക്യത്തിന് എപ്രകാരം പ്രയോജനപ്പെടുന്നു എന്നറിയുക. (20 എണ്ണമെങ്കിലും പഠിക്കുക)

◆ **അനാചാരങ്ങൾ :** ജാതിചിന്ത, വേദപഠന നിഷേധം, ആഘോഷങ്ങളിലെ ധൂർത്ത്, ക്ഷേത്ര ദർശന വേളയിൽ ഷർട്ട്-പാന്റ്സ്-നിഷേധം, മഹാഭാരതം വീട്ടിൽ വയ്ക്കരുതെന്ന അന്ധവിശ്വാസം, വേണ്ടാത്തതിനുള്ള പ്രശ്നംവയ്ക്കൽ, വാസ്തു വിശകലനം, ആനയെകൊണ്ടുള്ള ഉത്സവം.... ഇവ അനാചാരങ്ങളാണെന്ന് പഠിച്ച് പഠിപ്പിക്കുക. (20 അനാചാരങ്ങൾ കണ്ടെത്തുക)

◆ **ദുരാചാരങ്ങൾ :** മനസ്സ്, ശരീരം, കുടുംബബന്ധം, സമൂഹബന്ധം, രാഷ്ട്രത്തിന്റെ ഐക്യം ഇവയിലൊന്നിനോ അതിൽ കൂടുതലോ കാര്യങ്ങൾക്ക് ശാശ്വതമായ ദൂഷ്യഫലങ്ങളുളവാകുന്നവയാണ് ദുരാചാരങ്ങൾ. ഇതിൽ പലതും സ്വാർത്ഥ ലാഭത്തിനായി അനുഷ്ഠിക്കുന്നതുമാണ്. ദേവപ്രീതിക്കായി മൃഗബലി, മദ്യനിവേദ്യം, ആഭിചാരകർമ്മങ്ങൾ, ദുർമ്മന്ത്രവാദം, ദൈവഭയം സൃഷ്ടിക്കൽ, എന്നിവ.... ദുരാചാരങ്ങളാണ്. (15 ദുരാചാരങ്ങൾ സ്വയം വിശകലനം ചെയ്യുക)

◆ എല്ലാ ആചാര വിചാര വിശ്വാസ-സങ്കൽപങ്ങളുടെയും പരമമായ ലക്ഷ്യം മനസ്സിൽ നന്മ സൃഷ്ടിച്ച് ആ മനസ്സിൽ നിന്ന് സത്ചിന്തകളുണ്ടാക്കി, അതി



Scanned with CamScanner

ലൂടെ സത്കർമ്മങ്ങൾ ചെയ്യുവാൻ പ്രേരിപ്പിച്ച്, സത്കർമ്മഫലങ്ങളുളവാക്കി, സത്കർമ്മപ്രതിഫലങ്ങളനുഭവിക്കലാണെന്ന് പഠിക്കണം.

ഭാരതീയ ആത്മീയത - വ്യക്തികളുടെ വിദ്യാഭ്യാസ ആത്മീയ നിലവാരമനുസരിച്ച് പഠിച്ച് പഠിപ്പിക്കണം : ക്ഷേത്രാരാധന : കരിങ്കല്ല്, വെട്ടുകല്ല്/കളിമൺ, മരം, മാർബിൾ, ലോഹം, ചിത്രം, വിളക്ക്, മനോരൂപം എന്നീ വിഗ്രഹങ്ങൾ, ശരീര-മനോ-വാക്-ആഹാര-കർമ്മം എന്നീ പഞ്ചശുദ്ധികൾ, ശ്രവണ-ദർശന-കീർത്തന-മനന-വന്ദന-അർച്ചന-സേവന-സമർപ്പണം എന്നീ എട്ടു ക്ഷേത്രാരാധനാ കർമ്മങ്ങളിലൂടെ ക്ഷേത്രത്തിലൂടെ ലഭിക്കുന്ന പ്രകാശ-ശബ്ദ-രാസ-താപ-ഊർജ്ജവൽക്കരണമാണ് പ്രധാനം, ക്ഷേത്രത്തിന്റെ മനഃ-ശരീര-കുടുംബ-സമൂഹ-രാഷ്ട്ര-സാംസ്കാരിക-കലാപര-സാഹിത്യപര-സാമ്പത്തിക-വ്യാവസായിക-മനശാസ്ത്രപരമായ പ്രയോജനങ്ങളും, വിഗ്രഹാരാധനയുടെ മഹത്വവും പഠിക്കണം.

**ജീവിത സന്ദേശം :**

◆ ത്രിമൂർത്തി-ത്രിശക്തി സങ്കൽപങ്ങളിലൂടെ നന്മതിന്മകളുടെ വിവരണം, മനുഷ്യനിലുള്ള (33%) മുപ്പത്തിമുക്കോടി ദേവാംശം, (33%) മുപ്പത്തിമുക്കോടി മാനവാംശം, (33%), മുപ്പത്തിമുക്കോടി അസുരാംശം, പുരാണ ദേവതാ സങ്കല്പം, മഹാമായാ സങ്കല്പം, ദേവ അസുര-രാക്ഷസ- വിവരണത്തിലൂടെ ജീവിതത്തിലെ നന്മതിന്മ വിവരണം, യമ-രാക്ഷസ-യക്ഷ-ഗണേശ-സുബ്രഹ്മണ്യ- സങ്കല്പങ്ങൾ, ദേവവാഹനങ്ങൾ, ദേവവൃക്ഷം, ഇവയുടെ യുക്തി വിവരണം (പുരാണങ്ങളിലെ ഈശ്വര സങ്കല്പമാണിത്).

◆ മത്സ്യാവതാരം മുതൽ കൽക്കി വരെയുള്ള അവതാര പരിണാമ വിവരണം, അവതാര തുല്യരായ കപിലൻ, ശ്രീബുദ്ധൻ, ജൈനൻ, ഗുരുനാനാക് എന്നിവരെക്കുറിച്ചും പഠിക്കണം. (പുരാണങ്ങളിലെയും ഇതിഹാസങ്ങളിലെയും ഈശ്വരസങ്കല്പമാണിത്).

◆ പ്രപഞ്ചപുരുഷ സങ്കല്പം, വിശ്വരൂപം, പ്രകൃതീദേവീ സങ്കല്പം, പ്രപഞ്ചപുരുഷന്റെ ഭാഗമായതിനാൽ സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ, ജ്യോതിർഗോളങ്ങൾ, ഭൂമി, വായു, ജലം, നദികൾ, പർവ്വതങ്ങൾ, വൃക്ഷങ്ങൾ, അഗ്നി, മൃഗങ്ങൾ..... ഇവയിലെല്ലാം ദർശിക്കുന്ന ഈശ്വരാംശം വിവരിക്കണം. ജീവിച്ചിരിക്കുന്ന ഋഷിതുല്യരായവരിലും നിലനിൽക്കുന്ന ഈശ്വരാംശം (എല്ലാം പ്രപഞ്ചപുരുഷന്റെയും, പ്രകൃതീദേവിയുടെയും ഭാഗമായതുകൊണ്ടാണെന്നറിയണം! വേദങ്ങളിലെ ഈശ്വര സങ്കല്പമാണിത്).

◆ ബ്രഹ്മസങ്കല്പം, പരബ്രഹ്മ സങ്കൽപ്പം, ജീവാത്മചൈതന്യം, പരമാത്മചൈതന്യം, എന്നിവ വിവരിക്കുന്ന ഉപനിഷത്തുക്കളിലെ ഈശ്വരസങ്കൽപം. (ആദ്യത്തെ 18 ഉപനിഷത്തുക്കളിൽ വിവരിക്കുന്ന ഈശ്വര സങ്കൽപമാണിത്)

◆ ബൈബിളിലെയും ഖുറാനിലെയും ഈശ്വര സങ്കൽപങ്ങളും, അതിൽ യഹോവ, അള്ളാഹു എന്നീ ദേവസങ്കൽപങ്ങളും ഭാരതീയ ഈശ്വരസങ്ക



Scanned with CamScanner

ല്പങ്ങളും ഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമായി പഠിച്ച് വിദ്വേഷമോ അവജ്ഞയോ തോന്നാത്ത വിധത്തിൽ യാഥാർത്ഥ്യങ്ങൾ വിവരിച്ചു കൊടുക്കണം.

◆പ്രഭാതത്തിൽ 5.30 നു മുമ്പുണരണം. കിടക്കയിലിരുന്ന് പ്രാർത്ഥിക്കണം. ഉണർന്നയുടനെ പ്രഭാത സ്നാനം ചെയ്യണം.

◆പത്തുമിനിറ്റെങ്കിലും മന്ത്രങ്ങളും കീർത്തനങ്ങളും ചൊല്ലി പ്രാർത്ഥിക്കണം. 16 പ്രാവശ്യം പ്രാണായാമം ചെയ്യണം. അഞ്ച് സൂര്യനമസ്കാരം അഥവാ യോഗാസനം ചെയ്യണം.

◆ഭക്ഷണത്തിനു മുമ്പ് പ്രാർത്ഥിക്കണം. യാത്ര കഴിഞ്ഞ് കയ്യും കാലും മുഖവും കഴുകണം. മഴ, വെയിൽ, മണ്ണ് ഇവയുമായി ബന്ധപ്പെട്ട കളി/കർമ്മങ്ങൾ ചെയ്യണം.

◆സന്ധ്യാദീപവും, സന്ധ്യാനാമവും നിർബന്ധമാക്കണം; കുടുംബാംഗങ്ങൾ അൽപസമയമെങ്കിലും ഒരുമിച്ചിരിക്കണം/ഒരുമിച്ചു ഭക്ഷണം കഴിക്കണം. മക്കൾക്ക് നന്മനിറഞ്ഞ ഉപദേശങ്ങൾ / അനുഭവങ്ങൾ / കഥകൾ പറഞ്ഞു കൊടുക്കണം.

◆പ്രോത്സാഹനം, അനുഗ്രഹം, അഭിനന്ദനം, മാർഗ്ഗദർശനം എന്നിവ നൽകണം. ശാപം, അവഹേളനം, നിഷേധം, അവിശ്വാസം, അന്ധവിശ്വാസം, ഭയം, വിദ്വേഷ്യം ജനിപ്പിക്കുന്ന പദപ്രയോഗങ്ങൾ എന്നിവ ഗൃഹാന്തരീക്ഷത്തിൽ ഒഴിവാക്കണം.

◆ജീവിതം സുഖ-ദുഃഖ സമ്മിശ്രമാണെന്ന് മക്കളെ ഓർമ്മിപ്പിക്കണം. ആധുനിക അറിവുനേടി great ആകാനും മൂല്യാധിഷ്ഠിത സനാതനധർമ്മത്തിന്റെ അറിവുനേടി good ആകാനും പഠിപ്പിക്കണം.

◆കേട്ടും, കണ്ടും, ചർച്ച ചെയ്തും, ചിന്തിച്ചും, പ്രവർത്തിച്ചും നേതൃനിരയിൽ വരണം, വരുത്തണം. അറിയാവുന്നത്, അറിയാത്തവർക്ക് പറഞ്ഞു കൊടുക്കണം. അസൂയ, അഹങ്കാരം, വാശി, പക, വിദ്വേഷം..... എന്നിവ ഇല്ലാതാക്കണം. സന്തോഷം, സംതൃപ്തി, ചാരിതാർത്ഥ്യം, ബഹുമാനം, സ്നേഹം, ദയ എന്നിവ വളർത്തണം.

◆ജീവിക്കുന്നിടത്തോളം കാലം ധന്യമായി ജീവിക്കുവാൻ സാധിക്കണമെന്നറിയണം. അർഹിക്കുന്നതിനുവേണ്ടിയേ പ്രാർത്ഥിക്കാവൂ. നന്മകൾ കേൾക്കാനും കേൾപ്പിക്കാനും, കാണാനും കാണിക്കാനും, പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കണം.

◆ നന്മകളെവിടെയുണ്ടെങ്കിലും സ്വീകരിക്കണം. നന്മയും തിന്മയും കേൾക്കാനും കാണാനും ചെവിയും കണ്ണും തുറന്നുവയ്ക്കണം. നന്മകൾ മാത്രമെടുക്കാൻ മനസ് തുറന്നു വയ്ക്കണം. രാത്രി ഉറങ്ങാൻ പോകുന്നതിനുമുമ്പ് പ്രാർത്ഥിക്കണം. ഓരോദിവസവും ധന്യമാക്കണം. ജീവിതത്തിലുണരണം, ഉയരണം, വളരണം, തളരരുത്, വരളരുത്, തകരരുത് എന്നറിയണം.



Scanned with CamScanner

## IISH Communication Systems, Trivandrum 695 018

- For heritage products portal www.heritageproducts.in
- For IISH information and membership www.iish.org
- For daily uploaded Indian news www.dharmanews.in
- For 24 hrs English speeches www.dharmamessages.in
- For 24 hrs Malayalam speeches www.dharmaradio.in
- For queries / communication iishservice1@gmail.com
- For organising IISH lecture programs Ph. 09388203010
- For general IISH related information Ph. 09446361149
- For speeches in you tube → Dr. N. Gopalakrishnan
- Facebook speeches and news → Dr.N. Gopalakrishnan
- IISH CDs, VCDs, Pen drives & publications 0471-2490149
- Sevanam samarpanam program for poor 0471-2490149
- Astrological guidance Sri. Prabhakaran Nair 9446833600
- Spiritual/ temple Ritual guidance Sri. Murthy 9446361149
- Counselling / guidance Sri Somasundaram 9446670392

**Indian Institute of Scientific Heritage**

---

## IISH Establishments, Mazhuvanchery, Trissur 680 501

- National Heritage Center (NHC) For heritage acticities
- Bharatheeya Vidya Vihar (ISO 9001) CBSE School (BVV)
- Academy for Heritage Research and Studies (AHRS)
- Aryabhatta Heritage (reference books ) Library
- Aryabhatta Modern (reference books) Library
- Dr. C. V. Raman High Tech (reference books) Library
- Bhaskara Computer Centre for computer training
- Heritage Tailoring and Embroidery Centre for women
- Pre primary Teachers Training Centre for Women
- Heritage guest house (members) and annakshetra
- Heritage Museum (materials ) and displays
- Prasanthi Mandapam for public / family programs
- Heritage Publication Centre for publishing the books
- Heritage Books Centre for knowledge dissemination
- Mazhuvanchery Mahadeva Temple (spiritual centre)

**Contact email nhcmazhuvanchery@gmail.com**

**Contact Ph. 9446361149 /0488 240236**

Scanned with CamScanner

## ഇതിലെ ഉള്ളടക്കം

വേദങ്ങളിൽ നിന്നെന്തെല്ലാം പഠിക്കണം?

രാമായണം എങ്ങിനെ വിശകലനം ചെയ്യണം?

മഹാഭാരതത്തിലൂടെ എങ്ങിനെ ജീവിക്കണം?

പുരാണങ്ങൾ എന്തിനെഴുതിതന്നു?

ആചാരങ്ങളെങ്ങിനെ വിശകലനം ചെയ്യണം?

ഭാരതീയ ഈശ്വരസങ്കൽപ്പങ്ങളെന്ത്?

നിത്യജീവിതത്തിലനുഷ്ഠിക്കേണ്ടതെന്ത്?

നമ്മുടെ ധർമ്മം കൈവിടാതെയെങ്ങിനെ

ജീവിക്കണം

Scanned with CamScanner